# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2019 ജൂലൈ – സെപ്റ്റംബർ   പുസ്തകം 29, ലക്കം 3



മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ
അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്താ
പരിശുദ്ധ പിതാവിനോടൊപ്പം




ആഗസ്റ്റ് 23:– മൂവാറ്റുപുഴ രൂപതാ കാര്യാലയത്തിലേയ്ക്ക് മാറ്റിയ ഗുരുസന്നിധി മൈനർ സെമിനാരിയുടെ പ്രവർത്തനോദ്ഘാടനം




ജൂലൈ 7–ന് ആരംഭിച്ച മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേയ്ക്കുള്ള ദ്വിതീയ തീർത്ഥാടന പദയാത്ര





രൂപതയുടെ പുതിയ വികാരി ജനറാളും ചാൻസിലറും പ്രൊക്യുറേറ്ററുമായി മോൺ. ചെറിയാൻ ചെന്നിക്കരയും
വെരി റവ. ഡോ. തോമസ് മുതലപ്രയും വെരി റവ.ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കലും ജൂലൈ 30–ന് സ്ഥാനമേൽക്കുന്നു.



വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സഹായപദ്ധതി



MCA യുടെ വി. ജോൺ മരിയ വിയാനി പുരസ്കാരം
റവ.ഫാ. കുര്യൻ ആരമ്പിള്ളിക്കുടിയിലിന് നൽകുന്നു.

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 29 | ലക്കം 3 | 2019 ജൂലൈ – സെപ്റ്റംബർ





“അനന്തരം അവൻ ശിഷ്യനോട് പറഞ്ഞു.
ഇതാ നിന്റെ അമ്മ”. (യോഹ. 19:24)


*Patron:*
**Most Rev.Dr.Yoohanon Mar Theodosius**

*Co- Patron:*
**Msgr. Cherian Chennikkara**

*Editor:*
**Fr. George Maramkandom**

*Sub-Editor*
**Fr. George Arackamyalil**

*Technical Support:*
**Bro. Paulose Pariyarath**



*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com



# ഇടയമൊഴി

കർത്താവിൽ പ്രിയമക്കളേ,

സെപ്റ്റംബർ മാസത്തിന്റെ നന്മയായ പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാൾ ആചരണത്തിലൂടെ ലഭിച്ച ദൈവകൃപയുടെ നിറവിലാണല്ലോ നാം ഏവരും. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും മാതൃഭക്തി പരിപോഷിപ്പിക്കുവാനും വിശുദ്ധ കുർബ്ബാന എല്ലാ ദിവസവും അർപ്പിക്കുവാനും ബഹു. വൈദികരും, സന്യസ്തരും, പ്രിയമുള്ള അല്മായ സഹോദരങ്ങളും കാണിച്ച താൽപര്യം തീർത്തും അഭിനന്ദനാർഹം തന്നെ. വി. പൗലോസ് അപ്പസ്തോലന്റെ വചനങ്ങൾ നമുക്ക് അനുസ്മരിക്കാം. "നിങ്ങൾക്ക് കൈവന്നിരിക്കുന്ന ദൈവകൃപ വ്യർഥമാക്കരുതെന്ന് അവിടുത്തെ സഹപ്രവർത്തകരെന്ന നിലയിൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു." (2 കോറി 6:1). അപ്പസ്തോലന്മാരുടെ ഈ മനോഭാവമാണ് സഭാശുശ്രൂഷയിൽ നമ്മെ ശക്തിപ്പെടുത്തേണ്ടത്. നമ്മുടെ ഇടവകകളും രൂപതാ സംവിധാനങ്ങളും കുടുംബങ്ങളും ഭക്തസംഘടനകളുമെല്ലാം മേൽക്കുമേൽ ദൈവകൃപയിൽ നിലനിൽക്കുകയും തൽഫലമായി അജപാലനശുശ്രൂഷകളിൽ നാം സന്തോഷം കണ്ടെത്തുകയും ചെയ്യണം. നമ്മുടെ രൂപതാ സ്ഥാപനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം പുനരൈക്യത്തിലൂടെ സംജാതമാകുന്ന യേശുക്രിസ്തുവിലുള്ള ഐക്യമാണെന്ന സത്യം നമ്മൾ വിസ്മരിക്കരുത്. ഓരോ സെപ്റ്റംബർ മാസത്തിന്റെ കടന്നുവരവും ഈ സത്യം നമ്മെ ഓരോരുത്തരെയും വീണ്ടും ഓർമ്മിപ്പിക്കുകയാണ്. പുനരൈക്യവാർഷികാഘോഷങ്ങൾ അർത്ഥവത്താകുന്നത് ആഘോഷത്തിന്റെ പൊലിമയിലല്ല മറിച്ച് പുനരൈക്യശ്രമങ്ങളുടെ ഫലപ്രാപ്തിയിലാണ്. ഈ അർത്ഥത്തിൽ നമ്മൾ കുറച്ച് കൂടി ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നിശ്ചയമായും കൃപാവരങ്ങളിൽ വൈവിധ്യമുണ്ട്. നമ്മുടെ രൂപതയ്ക്ക് നല്കപ്പെട്ടിരിക്കുന്ന പ്രത്യേക കൃപയും വിളിയും ചുറ്റുമുള്ള നമ്മുടെ തന്നെ സഹോദരീ സഭകളെ ഐക്യത്തി

ലൂടെ നേർപാതയിൽ നയിക്കുവാനുള്ളതാണ്. സത്യസഭയാകുന്ന സമാധാനകൂടാരത്തിലേക്ക് നാം അവർക്ക് വഴിയൊരുക്കണം. ഈ ദൗത്യത്തിലേക്ക് നമ്മെ വിളിച്ചടുപ്പിച്ചിരിക്കുന്നത് യേശു തമ്പുരാൻ തന്നെയാണ്. "അന്ധകാരത്തിൽനിന്ന് പ്രകാശം ഉദിക്കട്ടെയെന്ന് അരുളിചെയ്ത ദൈവം തന്നെയാണ് ക്രിസ്തുവിന്റെ മുഖത്ത് വെളിവാക്കപ്പെട്ട ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവിന്റെ പ്രകാശം ഞങ്ങൾക്ക് തരേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത്." (2 കോറി 4:6)

സംശുദ്ധമായ മനസ്സോടെ പുനരൈക്യത്തിനുവേണ്ടി നിലനിൽക്കുമ്പോൾ നമ്മുടെ പ്രവർത്തിയും വിശ്വാസവും സമഞ്ജസമായി സമ്മേളിക്കപ്പെടണം. വാക്കിലും പെരുമാറ്റത്തിലും സഹോദരസ്നേഹവും, പരസ്പര ബഹുമാനവും വേദന അനുഭവിക്കുന്നവരുടെ പക്ഷം ചേരാനുള്ള തിടുക്കവും കാത്തുസൂക്ഷിക്കണം. ഇതിനായി കൃപാവരത്താൽ ഹൃദയത്തെ ശക്തമാക്കുകയും നമ്മെ നേർപാതയിലേക്കു നയിച്ച വന്ദ്യപിതാക്കന്മാരെ ഓർക്കുകയും അവരുടെ ജീവിതചര്യയും, വിശ്വാസവും അനുകരണവിധേയമാക്കുകയും ചെയ്യാം. വെല്ലുവിളികൾ എപ്പോഴുമുണ്ടാകും. ഇത്തരം സാഹചര്യങ്ങളിൽ നമുക്ക് ദൈവപരിപാലനയിൽ ആശ്രയിക്കാം. എല്ലാ ചിന്തകളും പ്രവർത്തനങ്ങളും ദൈവമഹത്വത്തിനായി ഭവിക്കട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവം എല്ലാവർക്കും നന്മ വരുത്തട്ടെ. പുനരൈക്യത്തിന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയവും, മാതൃകയായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവും ഈ ഉദ്യമത്തിൽ നമ്മെ അനുഗ്രഹിക്കട്ടെ!

എന്ന്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്

+ Mar Theodosius

✠ **യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 4/2019

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## 89–ാം പുനരൈക്യവാർഷിക സഭാസംഗമം, ബഥനി സന്യാസസമൂഹ ശതാബ്ദി, സഭാ അസംബ്ലി, റോമിലെ ആദ് ലിമിനാ സന്ദർശനം, മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ 25–ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 89–ാം പുനരൈക്യ വാർഷിക സഭാസംഗമവും ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന്റെ ശതാബ്ദി ആഘോഷവും സംയുക്തമായി 2019 സെപ്തംബർ 18, 19, 20 തീയതികളിലായി കോട്ടയം ഗിരിദീപം സ്കൂൾ അങ്കണത്തിൽ നടത്തപ്പെടുകയാണ്. പ്രളയദുരിതങ്ങളുടെ പശ്ചാത്തലത്തിൽ ആർഭാടങ്ങളും, ആഡംബരങ്ങളും ഒഴിവാക്കി സഭാകൂട്ടായ്മയിലുള്ള നമ്മുടെ ബന്ധത്തെ ഉറപ്പിക്കാനുള്ള വേദിയായി കണ്ടുകൊണ്ട് ഈ സഭാസംഗമത്തിൽ പങ്കുചേരാൻ സഭാമക്കളേവരെയും ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

17–ാം നൂറ്റാണ്ടുവരെ ഈ മണ്ണിൽ ക്രൈസ്തവസഭ ഒരു കൂട്ടായ്മയായി നിലകൊണ്ടു. 1653–ലെ കൂനൻകുരിശുസത്യം മുതലുള്ള കാലഘട്ടം മലങ്കരസഭ അനേകം വിഭജനങ്ങൾക്ക് സാക്ഷ്യംവഹിച്ചു. ആ പിളർപ്പുകൾക്ക് ഭാഗികമായ ശമനമുണ്ടായത് 1930–ൽ മാർ ഈവാനിയോസ് പിതാവിന്റെ

നേതൃത്വത്തിൽ നടന്ന പുനരൈക്യത്തോടുകൂടിയാണ്. 20–ാം നൂറ്റാണ്ടിലെ നിരവധി സഭൈക്യസംരംഭങ്ങളിൽ ഇതുമാത്രമേ ഫലപ്രാപ്തിയിലെത്തിയുള്ളൂ. ലത്തീൻസഭയിൽ ലയിക്കാതെ പൂർണ കത്തോലിക്കാകൂട്ടായ്മയിൽ പ്രവേശിച്ച ഭാരതത്തിലെ ഐക്യസംരഭവുമാണിത്. രണ്ട് സഭകളെ സമ്പൂർണകൂട്ടായ്മയിൽ എത്തിച്ച പുനരൈക്യം ഒരു പുതിയ കാൽവയ്പായിരുന്നു.

കൂനൻകുരിശുസത്യം നടന്ന നാൾമുതൽ (1653) നമ്മുടെ പൂർവപിതാക്കന്മാർ പുനരൈക്യത്തിനായി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു. പ്രത്യേകിച്ച് 6–ാം മാർത്തോമ്മാ എന്നറിയപ്പെടുന്ന മാർ ദിവന്നാസിയോസ് (1761–1808) പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് (1865–1909) എന്നീ വന്ദ്യ പിതാക്കന്മാരുടെ പരിശ്രമങ്ങൾ എടുത്തുപറയേണ്ടതാണ്. പുലിക്കോട്ടിൽ തിരുമേനി നിധിരിക്കൽ മാണി കത്തനാരുമൊത്ത് റോമുമായി ഐക്യചർച്ചകൾ നടത്തിയിരുന്നു. 1926–ൽ ഓർത്തഡോക്സ് സഭാനേതാക്കന്മാർ മാർ ഈവാനിയോസ് പിതാവിനെ റോമുമായുള്ള സഭൈക്യചർച്ചകൾക്ക് നിയോഗിച്ചപ്പോൾ ഈ കാര്യങ്ങൾ ഒരു പിൻബലമായി നിലകൊണ്ടു. റോമിൽ വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായുള്ള കൂട്ടായ്മകൊണ്ടുമാത്രമേ മലങ്കര സഭയ്ക്ക് ശാശ്വതശാന്തിയും സമാധാനവും പുരോഗതിയും ഉണ്ടാകുകയുള്ളൂ എന്ന മാർ ഈവാനിയോസ് പിതാവിന്റെ ബോധ്യമാണ് ഉറച്ച ചുവടുകളോടെ പുനരൈക്യമെന്ന തീരത്തണയാൻ വന്ദ്യപിതാവിന് പ്രേരണയായത്. ആ ബോധ്യവും ദർശനവും സത്യമാണെന്ന് കാലം തെളിയിച്ചു.

1926–1930 കാലയളവിൽ മാർ ഈവാനിയോസ് പിതാവ് റോമിനോട് മലങ്കര സഭയ്ക്കുവേണ്ടി ആവശ്യപ്പെട്ട കാര്യങ്ങൾ ഇന്ന് ഫലപ്രാപ്തിയിലെത്തിയിരിക്കുകയാണ്. പാത്രിയർക്കീസിന് തുല്യമായ അധികാരമുള്ള ഒരു സഭാദ്ധ്യക്ഷനും സിനഡും ലഭിക്കുക എന്നുള്ളതും, മലങ്കരമക്കൾ ഉള്ളിടത്തെല്ലാം അജപാലനാധികാരം തരണമെന്നുള്ളതും അന്ന് വന്ദ്യപിതാവ് റോമിന് സമർപ്പിച്ച അപേക്ഷകളായിരുന്നു. പുനരൈക്യപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാസഭയെ 2005–ൽ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി റോമിലെ തിരുസിംഹാസനം ഉയർത്തിയതും, സഭാധ്യക്ഷനെ മേജർ ആർച്ച്ബിഷപ്പ്–കാതോലിക്കാബാവായായി ഉയർത്തിയതും, സിനഡൽ ഭരണക്രമമുണ്ടായതും ഇന്ത്യയിൽ എല്ലായിടത്തും ലോകത്തിന്റെ പലഭാഗങ്ങളിലും മലങ്കര സുറിയാനി കത്തോലിക്കർ അധിവസിക്കുന്നിടങ്ങളിലെല്ലാം മേജർ ആർച്ച്ബിഷപ്പിന് അജപാലനാധികാര സ്വാതന്ത്ര്യം ലഭ്യമായതും ആ ദീർഘവീക്ഷണത്തിന്റെ അനന്തരഫലങ്ങളാണ്. അതോടൊപ്പം കർദിനാൾ സ്ഥാനലബ്ധിയോടുകൂടി സാർവത്രിക സഭാഭരണത്തിൽ മലങ്കര സഭാധ്യക്ഷന് ഭാഗഭാഗിത്വവും ലഭിച്ചു.

നമ്മുടെ സഭാസംഗമം ഈ ദൈവനടത്തിപ്പുകളെ നന്ദിയോടെ ഓർക്കുന്നതിനും കൂട്ടായ്മയിൽ വളരുന്നതിനുമുള്ള ഒരു വേദികൂടിയാണ്. 89–ാം പുനരൈക്യവാർഷിക സഭാസംഗമം മലങ്കര സഭയൊന്നാകെ ആഘോ

ഷിക്കുമ്പോൾ അതിനോട് ചേർന്ന് ബഥനി ആശ്രമത്തിന്റെ ശതാബ്ദികൂടി നാം ആഘോഷിക്കുകയാണ്. മലങ്കര സുറിയാനി സമുദായം ആദ്ധ്യാത്മിക ജീവിതശോഷണത്തിന്റെ അസാധാരണമായ പ്രതിസന്ധി ഘട്ടത്തിലൂടെ കട ന്നുപോയപ്പോൾ അതിനെ ആദ്ധ്യാത്മികമായി നവീകരിക്കാനും സുവിശേ ഷവത്കരണമെന്ന സഭയുടെ അടിസ്ഥാനദൗത്യം അരക്കിട്ടുറപ്പിക്കാനുള്ള മാർഗമായിട്ടാണ് 1919 ആഗസ്റ്റ് 15-ന് പെരുന്നാട്ടിലെ മുണ്ടൻമലയിൽ ബഥനി സന്യാസപ്രസ്ഥാനത്തിന് മാർ ഈവാനിയോസ് പിതാവ് തുടക്കംകുറിക്കു ന്നത്. പൗരസ്ത്യ ക്രിസ്തീയ സന്യാസത്തിന്റെയും, ഭാരതീയ സന്യാസ ദർശനങ്ങളുടെയും പിൻബലത്തിലാണ് ഈ പുതിയ ജീവിതചര്യയ്ക്ക് രൂപം നൽകിയത്. പുനരൈക്യപ്രവർത്തനങ്ങൾക്ക് പിതാവിന് പിൻബലമേകിയതും ഈ സന്യാസജീവിതചര്യയായിരുന്നു. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽ വ്യത്യസ്ത പ്രേഷിത ശുശ്രൂഷാമേഖലകളിൽ ബഥനി സന്യാസ സമൂഹം പ്രവർത്തിക്കുന്നു. ഈ ശുശ്രൂഷകളെയെല്ലാം നന്ദിയോടെ ഓർക്കുന്നതിനൊപ്പം എല്ലാ ബഥാന്യർക്കും സഭയുടെ ആദരവും അഭിനന്ദ നവും അറിയിക്കുന്നു. ബഥനി ആശ്രമത്തെപ്രതി കർത്താവിനോട് നമുക്ക് സഭയായി നന്ദിയർപ്പിക്കാം. തുടർന്നും പരി. റൂഹാ ബഥനിയെ സജീവസ മർപ്പണത്തിൽ സ്ഥിരീകരിക്കട്ടെ!

ഈ വർഷത്തെ പുനരൈക്യവാർഷികവും സഭാസംഗമവും 2019 സെപ്തംബർ 18, 19, 20 തീയതികളിലായി കോട്ടയത്തുള്ള ഗിരിദീപം സ്കൂൾ അങ്കണത്തിൽവച്ചാണ് നടത്തപ്പെടുന്നത്. 18-ാം തീയതി വൈകിട്ട് 5.30 മണിക്ക് വിവിധ ഭദ്രാസനങ്ങളിൽനിന്ന് എം.സി.വൈ.എം., എം.സി.എ. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ എത്തിച്ചേരുന്ന ഛായാചിത്ര, ദീപശിഖാ പ്രയാണങ്ങൾക്ക് സമ്മേളന നഗറിൽ സ്വീകരണം നൽകും. തുടർന്ന് എം. സി.വൈ.എം.ന്റെ സഭാതല ക്വിസ് മത്സരം നടക്കും. 19-ാം തീയതി രാവിലെ വിവിധ സംഗമങ്ങൾ ഉണ്ടായിരിക്കും. തുടർന്ന് വൈകിട്ട് 5.30-ന് സഭാതല സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യ. 20-ാം തീയതി രാവിലെ 8 മണിക്ക് ആഘോഷമായ വി. സമൂഹബലി തുടർന്ന് പൊതുസമ്മേളനം. സ്നേഹ വിരുന്നോടെ പരിപാടികൾ സമാപിക്കും. ഈ ആഘോഷപരിപാടികളിൽ സംബന്ധിച്ച് സഭയോടുള്ള ബന്ധവും സ്നേഹവും നമുക്ക് പ്രകടിപ്പിക്കാം. അതിനായി നിങ്ങളേവരെയും ഹൃദയ പൂർവം ഞാൻ സ്വാഗതം ചെയ്യുന്നു.

**ആദ് ലിമിന സന്ദർശനം**

കത്തോലിക്കാ സഭയിലെ ഓരോ വ്യക്തിഗതസഭയിലെയും പിതാ ക്കന്മാർ സഭാധ്യക്ഷന്റെ നേതൃത്വത്തിൽ അഞ്ചുവർഷത്തിലൊരിക്കൽ വി. പത്രോസിന്റെ പിൻഗാമിയും സാർവത്രിക സഭാതലവനുമായ മാർപാപ്പായെ ഔദ്യോഗികമായി സന്ദർശിച്ച് തങ്ങളുടെ ഭദ്രാസന ങ്ങളെക്കുറിച്ചും, അതിന്റെ സാഹചര്യങ്ങളെക്കുറിച്ചും സ്ഥിതിവിവരങ്ങളെക്കുറിച്ചുമുള്ള പഠനറിപ്പോർട്ട് നൽകുന്ന സന്ദർശനത്തിനാണ് ആദ് ലിമിന വിസിറ്റ് (*Ad Limina*

*Apostolorum*) എന്ന് പറയുന്നത്. നമ്മുടെ സഭയുടെ ആദ് ലിമിന സന്ദർശനം 2019 സെപ്തംബർ 22 മുതൽ 28 വരെയുള്ള തീയതികളിലായി റോമിൽ നടക്കും. നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും ഈ സന്ദർശനത്തിൽ പങ്കെടുക്കുന്നതിനായി 21–ാം തീയതി റോമിലേക്ക് പോകും. 23–ാം തീയതി നമ്മുടെ സഭയിലെ എല്ലാ വന്ദ്യ പിതാക്കന്മാരും പരി. ഫ്രാൻസിസ് പാപ്പായോടൊത്ത് വി. കുർബാനയർപ്പിച്ച് സന്ദർശന ശുശ്രൂഷ ആരംഭി ക്കുന്നതാണ്. സന്ദർശനത്തിന്റെ ഭാഗമായി പി. പത്രോസിന്റെ ബസ്ലിക്കാ, വി. പൗലോസിന്റെ ബസ്ലിക്കാ, ലാറ്ററൻ ബസ്ലിക്കാ, പരി. ദൈവമാതാവിന്റെ ബസ്ലിക്കാ എന്നീ പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് അഭി വന്ദ്യ പിതാക്കന്മാർ നമ്മുടെ സഭയ്ക്കുവേണ്ടി കൂട്ടായ്മയായി പ്രാർത്ഥിക്കു ന്നതാണ്. ഇതോടൊപ്പം റോമൻ കൂരിയായിലെ വിവിധ ഓഫീസുകളും അതിന് നേതൃത്വം നൽകുന്നവരെയും സന്ദർശിച്ച് കൂടികാഴ്ചകളും നട ത്തും. ഈ സന്ദർശനം ഏറ്റം അനുഗ്രഹകരമായിത്തീരാൻ ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമപ്പെടുത്തുന്നു.

**രണ്ടാമത് മലങ്കര സുറിയാനി കത്തോലിക്കാസഭാ അസംബ്ലി**

നമ്മുടെ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8 മുതൽ 10 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടക്കുകയാണ്. 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷ യത്തെ ആസ്പദമാക്കിയുള്ള പഠനങ്ങളും, ആലോചനകളും, കൂടിവരവു കളും ഇതിനോടകം നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും, ഭദ്രാസനേതര പ്രദേശങ്ങളിലും, സന്യാസാശ്രമങ്ങളിലും നടന്നുകഴിഞ്ഞല്ലോ. അവിടെനിന്നുള്ള പ്രതിനിധികളാണ് സഭാ അസംബ്ലിയിൽ ഒരുമിച്ച് കൂടു ന്നത്. ഈ കാലഘട്ടത്തിനനുസൃതമായ ഒരു വിഷയം പരിശുദ്ധാത്മാവ് നമ്മുടെ വിചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നൽകിയിരിക്കുന്നു. കുടും ബങ്ങളെ സംബന്ധിക്കുന്ന നല്ല തീരുമാനങ്ങളും വിചിന്തനങ്ങളും നടത്തു വാൻ ഈ അസംബ്ലി മുഖാന്തിരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25–ാം ഓർമപ്പെരുന്നാൾ**


41 വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭാധ്യക്ഷ നായിരുന്ന് നമ്മെ നയിച്ച ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോ റിയോസ് പിതാവിന്റെ 25–ാം ഓർമപ്പെരുന്നാൾ ഒക്ടോബർ 10–ാം തീയതി നാം കൊണ്ടാടുകയാണ്. പാവപ്പെട്ടവനോട് പക്ഷംചേരുകയും, സാമൂഹ്യ പ്രതിബദ്ധതയോടെ സഭാശുശ്രൂഷകൾ നിർവഹിക്കുകയും, സഭാപ്രവർത്ത നങ്ങളെ കൂടുതൽ വിശാലമാക്കുകയും ചെയ്ത വന്ദ്യ പിതാവ് അതിനായി ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. നാടിന്റെ പുരോഗതിക്കും, സമാധാനത്തിനും എപ്പോഴും മുന്നിട്ടിറങ്ങാൻ അഭിവന്ദ്യ പിതാവുണ്ടായിരു ന്നു. അതുപോലെതന്നെ തീക്ഷ്ണമായ സഭാസ്നേഹവും, ശുശ്രൂഷകളോട് വ്യക്തമായ കൃത്യനിഷ്ഠയും കാഴ്ചപ്പാടും അഭിവന്ദ്യ പിതാവ് വച്ചുപുലർത്തി

യിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വളർച്ചയിൽ നിർണായകമായ ഒരു സ്വാധീനശക്തി അഭിവന്ദ്യ പിതാവിനുണ്ടായിരുന്നു. വന്ദ്യപിതാവിനെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യാം. ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് ഒക്ടോബർ 9-ാം തീയതി വൈകിട്ട് 6.30 മണിക്ക് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ സന്ധ്യാ പ്രാർത്ഥനയും 10-ാം തീയതി രാവിലെ 7 മണിക്ക് ആഘോഷമായ വി. സമൂഹബലിയും കബറിൽ ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും ഉണ്ടായിരിക്കും.

ഈ കാലങ്ങളിൽ തുടരെത്തുടരെ നാം അഭിമുഖീകരിക്കുന്ന പ്രളയദുരിതങ്ങൾ കേരള സമൂഹത്തെയൊന്നാകെ ഭീതിദമായ ഒരവസ്ഥയിൽ എത്തിച്ചിരിക്കുകയാണല്ലോ. വയനാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ ഈ വർഷം സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തങ്ങളിലും ഇരയായവരോടുള്ള സഭയുടെ കരുതലും, സ്നേഹവും, പ്രാർത്ഥനയും പ്രത്യേകം ഞാനറിയിക്കുകയാണ്. നമ്മുടെ ഐക്യദാർഢ്യം വ്യത്യസ്ത രീതികളിൽ നമ്മുടെ എല്ലാ ഭദ്രാസനങ്ങളുടെയും, ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ ബത്തേരി ഭദ്രാസനത്തോടും, ശ്രേയസ് സാമൂഹ്യ സേവന വിഭാഗത്തോടുചേർന്ന് നാം നിർവഹിച്ചുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനും കഴിവുള്ളവിധം അവരെ സഹായിക്കുന്നതിനും ഏവരെയും സ്നേഹത്തോടെ ഞാൻ ആഹ്വാനം ചെയ്യുന്നു.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01-09-2019

സ്വർഗ്ഗസ്ഥനായ....................

# THE SYRO-MALANKARA CATHOLIC CHURCH

# EPARCHY OF MUVATTUPUZHA

✠Yoohanon Mar Theodosius
Metropolitan of Muvattupuzha

Catholic Bishop's House
Vazhappilly, Mudavoor P.O,
Muvattupuzha -686 669

Prot. No. CL 01/2019

## സർക്കുലർ

## മൂവാറ്റുപുഴ ഭദ്രാസനത്തിൽ നിന്നും മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, ശെമ്മാശൻമാരേ, പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യജ്യോതിസ്സായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 66–ാം ഓർമ്മപ്പെരുന്നാൾ ഈ വരുന്ന ജൂലൈ 15 ന് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ സഭയൊന്നാകെ ആഘോഷിക്കുകയാണ്. ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കഴിഞ്ഞ വർഷം നാം നടത്തിയ അനുഗ്രഹീതമായ ഒരു ശുശ്രൂഷയാണല്ലോ പുണ്യപിതാവിന്റെ കബറിങ്കലേക്കുള്ള **മാർ ഈവാനിയോസ് തീർത്ഥാടന പദയാത്ര.** മൂവാറ്റുപുഴ ഭദ്രാസനത്തെ സംബന്ധിച്ച് ഇദംപ്രഥമമായി നടത്തപ്പെട്ട ഈ തീർത്ഥാടന പദയാത്ര അനേകർക്ക് വലിയ ഒരു സാക്ഷ്യവും, സഭാ തലത്തിൽ വലിയൊരു മുന്നേറ്റവുമായിരുന്നു. പദയാത്രികർക്കു ലഭിച്ച വ്യക്തിപരമായ അനുഗ്രഹങ്ങളെ സംബന്ധിച്ച് നാം ഏറെ കാര്യങ്ങൾ കേൾക്കുകയുണ്ടായി. ഇതിൽ പങ്കെടുത്തവരെയും, ഇതിനോട് സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

ഈ വർഷത്തെ പദയാത്ര **ജൂലൈ മാസം 7–ാം തീയതി ഞായറാഴ്ച രാവിലെ 6.30–ന് വി. കുർബാനയോടെ നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും ആരംഭിക്കുന്നു** എന്ന വിവരം ഏവരേയും സന്തോഷപൂർവ്വം അറിയിക്കുന്നു. നമ്മുടെ ഭദ്രാസനത്തിലെ അല്മായ സംഘടനകളായ MCA യും, MCYM വും സംയുക്തമായി ഈ പദയാത്രക്ക് നേതൃത്വം നൽകും. രൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ 'സമൃദ്ധി' യും ഇതിന് വേണ്ടുന്ന സഹായസഹകരണങ്ങൾ നൽകുന്നതാണ്. മൂവാറ്റുപുഴയിൽ

നിന്നും ആരംഭിക്കുന്ന പദയാത്ര ജൂലൈ 9–ന് തിരുവല്ല സെന്റ് ജോൺസ് മെട്രോപ്പോലീത്തൻ കത്തീഡ്രലിൽ എത്തിച്ചേരുകയും തുടർന്ന് തിരുവല്ല അതിരൂപതയുടെ പദയാത്രയോട് ചേർന്ന് തിരുവനന്തപുരത്തേക്ക് (പട്ടം കത്തീഡ്രലിലേക്ക്) യാത്ര തുടരുന്നതുമാണ്. വ്യക്തിപരമായ നോമ്പനുഷ്ഠാനത്തോടെ ഈ പദയാത്രയിൽ സംബന്ധിക്കുന്നവർ അതിന്റെ ഭക്തിയും നിഷ്ഠയും നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ, നമ്മുടെ എല്ലാ ദൈവാലയങ്ങളിൽ നിന്നും, വിശിഷ്യാ പദയാത്ര കടന്നുപോകുന്ന മേഖലകളിലുള്ള എല്ലാ ഇടവകകളിൽ നിന്നും പരമാവധി വിശ്വാസികളെ ഇതിൽ സംബന്ധിപ്പിക്കുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണം.

ഈ വർഷത്തെ നമ്മുടെ തീർത്ഥാടന പദയാത്ര എന്തുകൊണ്ടും ഒരു വലിയ സാക്ഷ്യത്തിന്റേതാകണം. എല്ലാവർക്കും അറിയാവുന്നതുപോലെ നമ്മുടെ സഹോദരിസഭകൾ ഈ കാലഘട്ടത്തിൽ നാനാവിധത്തിലുള്ള വെല്ലുവിളികളെ നേരിടുകയാണ്. എതിർ സാക്ഷ്യത്തിന്റെയും അനൈക്യത്തിന്റെയും മുറിപ്പാടുകൾ സഭാ ഗാത്രത്തെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. ഇത്തരുണത്തിൽ, ഐക്യത്തിന്റെ സാക്ഷികളായി, '*ദൈവസമ്പാദനം അത്യുത്തമം*' *എന്ന* വന്ദ്യതാതന്റെ പ്രാർത്ഥനാമന്ത്രം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമുക്ക് ഒത്തൊരുമിച്ച് ഈ തീർത്ഥാടന പദയാത്രയിൽ പങ്കുചേരാം. നമ്മുടെ വ്യക്തിപരമായ നിയോഗങ്ങളോട് ചേർത്ത് സഭൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കാം. സഭയുടെ വിശുദ്ധീകരണത്തിനും, പൗരോഹിത്യത്തിന്റെ തിളക്കമാർന്ന സാക്ഷ്യത്തിനുമായി നമുക്ക് സ്വയം സമർപ്പണം നടത്താം. ഈ തീർത്ഥാടന യാത്രയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും വിശിഷ്യാ നമ്മുടെ ഭദ്രാസനത്തെയും പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കാം. പ്രായഭേദമെന്യേ കുഞ്ഞുങ്ങളും യുവതീ യുവാക്കൻമാരും പ്രായമായവരും അൽപദൂരമെങ്കിലും ഈ പദയാത്രയിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കാൻ താൽപര്യപ്പെടുന്നു. പുണ്യപിതാവിന്റെ സ്വർഗ്ഗീയമാദ്ധ്യസ്ഥം ഇതിന് നമ്മെ സഹായിക്കട്ടെ.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ

മൂവാറ്റുപുഴ അരമന
19.06.2019

# THE SYRO-MALANKARA CATHOLIC CHURCH

## EPARCHY OF MUVATTUPUZHA

✠ **Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669**

Prot. No. CL 02/2019

## സർക്കുലർ

### ദ്വിതീയ ഭദ്രാസന അസംബ്ലി

**വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, ശെമ്മാശൻമാരേ, പ്രിയ വിശ്വാസികളേ,**

കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവന്റെ കുടുബത്തെക്കുറിച്ച് 128–ാം സങ്കീർത്തനം അതിമനോഹരമായി വർണ്ണിക്കുന്നു. ഈ സങ്കീർത്തനഭാഗത്തെ വിശകലനം ചെയ്തുകൊണ്ടാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ *സ്നേഹത്തിന്റെ ആനന്ദം* (*അമോരിസ് ലെത്തീസ്യ*) എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രഥമ അദ്ധ്യായം ആരംഭിക്കുന്നതു തന്നെ. കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞേ മതിയാവൂ. അതേസമയം, ആധുനിക ലോകം വച്ചുനീട്ടുന്ന സങ്കീർണ്ണതകൾക്കിടയിലും ദൈവഭയത്തിൽ, ദൈവം തെളിക്കുന്ന വഴികളിലൂടെ സഞ്ചരിക്കുന്ന കുടുംബങ്ങൾ ഇരുളിനെ ഭേദിക്കുന്ന ദീപസ്തംഭങ്ങളായി പരിലസിക്കുകയും ചെയ്യുന്നു. വെളിച്ചം പരത്തുന്ന പ്രകാശഗോപുരമായി ഓരോ കുടുംബവും പരിണമിക്കേണ്ടിയിരിക്കുന്നു എന്ന ബോധ്യത്തിൽ നിന്നുമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ ദ്വിതീയ സഭാ അസംബ്ലിയിൽ കുടുംബങ്ങളെക്കുറിച്ച് പ്രാർത്ഥനാപൂർവ്വം ചിന്തിക്കുന്നതും ആഴത്തിൽ പഠിക്കുന്നതും ചർച്ച ചെയ്യുന്നതും.

2018 ഫെബ്രുവരി 19 മുതൽ 23 വരെ സമ്മേളിച്ച സഭയുടെ 22–ാമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന പ്രമേയം ദ്വിതീയ സഭാ അസംബ്ലിയുടെ വിഷയമായി തിരഞ്ഞെടുത്തു. "കുടുംബ ജീവിതത്തിന്റെ സമകാലീന വെല്ലുവിളികളെക്കുറിച്ച് അവബോധം ഉള്ളവരായിത്തീരുന്നതിന്, അവയെ ദൈവേ

ഷ്ടത്തിനു യോജിച്ച വിധം നേരിടാൻ കരുത്താർജ്ജിക്കുന്നതിന്, പ്രായോഗികമായ അജപാലന–ജീവിത പദ്ധതികൾ രൂപപ്പെടുത്തുന്നതിന്, ഇന്നത്തെ കുടുംബങ്ങൾക്ക് യോജിച്ച ആദ്ധ്യാത്മിക പന്ഥാവിനെക്കുറിച്ച് ഒരുമിച്ച് ചിന്തിക്കുന്നതിന്" (*കൃപ നിറയുന്ന കുടുംബങ്ങൾ*, മാർഗ്ഗരേഖ, മുഖമൊഴി, പേജ് 11) വിലയേറിയ അവസരമാണ് രണ്ടാമത്തെ സഭാ അസംബ്ലി.

അസംബ്ലിയുടെ പഠനത്തിനും ചർച്ചയ്ക്കുമായി തയ്യാറാക്കപ്പെട്ട പഠനരേഖയെക്കുറിച്ചുള്ള സഭാതല പരിശീലന പരിപാടിയിൽ നമ്മുടെ ഭദ്രാസനത്തിൽ നിന്നും ബഹു. വർഗ്ഗീസ് പന്തിരായിത്തടത്തിലച്ചനും ബഹു. സിസ്റ്റർ ഇവാനിയ എസ്.ഐ.സിയും അല്മായ സഹോദരങ്ങളായ ഡോ. റെക്സ് തോമസ്, ശ്രീ. സജി താന്നിക്കൽ, ശ്രീ. മർക്കോസ് പന്തിരായിത്തടത്തിൽ, ശ്രീ. ഫ്രാൻസിസ് പറയിടത്തിൽ, ശ്രീമതി മേഴ്സി ജോർജ്ജ് ഈശ്വരൻകുടിയിൽ എന്നിവർ പങ്കെടുത്തു. അവരുടെ ത്യാഗപൂർണ്ണമായ ശ്രമഫലമായി ഇതിനോടകം നമ്മുടെ എല്ലാ മേഖലകളിലും ഈ പഠനരേഖ പരിചയപ്പെടുത്തുകയും പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു. ബഹു. ഇടവക വികാരിമാരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും ഈ വിഷയത്തിൽ പഠനങ്ങളും ചർച്ചകളും നടന്നു എന്ന് ഞാൻ കരുതുന്നു. നമ്മുടെ ഓരോ കുടുംബത്തിനും പഠനരേഖയുടെ ഒരു കോപ്പി ലഭ്യമാക്കുവാൻ ബഹു. വികാരിയച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സണ്ടേസ്കൂൾ 11, 12 ക്ലാസുകളിലെ ഉപപാഠപുസ്തകമായി അസംബ്ലിയുടെ പഠനരേഖ തിരഞ്ഞെടുത്ത രൂപതാ മതബോധന വിഭാഗത്തിന്റെ നടപടി ശ്ലാഘനീയമാണ്.

2019 ഒക്ടോബർ 8, 9 തിയതികളിൽ സമ്മേളിക്കുന്ന സഭാ അസംബ്ലിക്കു മുന്നോടിയായി ഭദ്രാസനതലത്തിൽ അസംബ്ലി വിളിച്ചു കൂട്ടേണ്ടത് ഭദ്രാസനാദ്ധ്യക്ഷൻ എന്ന നിലയിൽ എന്റെ ചുമതലയാണ്. പൗരസ്ത്യ കാനൻ നിയമ സംഹിതയിലെ കാനൻ 237 ഖണ്ഡിക 1–ഉം, മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക നിയമങ്ങളും അനുശാസിക്കുന്ന പ്രകാരം 2019 ജൂലൈ 26, 27 തിയതികളിൽ മൂവാറ്റുപുഴ ഭദ്രാസന അസംബ്ലി വിളിച്ചു കൂട്ടുന്നതായി ഞാൻ ഏവരെയും ഇതിനാൽ അറിയിക്കുന്നു. ഇടവക, വൈദിക ജില്ലാ തലങ്ങളിൽ ഇതിനോടകം അസംബ്ലിയുടെ വിഷയം ചർച്ച ചെയ്യപ്പെട്ടതിനാൽ, ഭദ്രാസന അസംബ്ലിയിൽ പ്രത്യേകം നിയോഗിക്കപ്പെടുന്ന വ്യക്തികൾക്കു മാത്രമേ സംബന്ധിക്കുവാൻ സാധിക്കുകയുള്ളു.

ജൂലൈ 26–ാം തിയതി വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ 27–ാം തിയതി ശനിയാഴ്ച വൈകിട്ട് 4 മണി വരെ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ ചേരുന്ന അസംബ്ലിയിൽ പൗരസ്ത്യ കാനൻ നിയമപ്രകാരവും മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷന്റെ കല്പന പ്രകാരവും (CPL 1/2019) നമ്മുടെ ഭദ്രാസനത്തിന്റെ പ്രത്യേക സാഹചര്യം അനുസരിച്ചും താഴെ പറയുന്നവരാണ് പങ്കെടുക്കേണ്ടത്: പ്രോട്ടോ സിഞ്ചെല്ലൂസ്, ചാൻസിലർ, പ്രൊക്യുറേറ്റർ, മൈനർ സെമിനാരി റെക്ടർ, കോറെപ്പിസ്കോപ്പമാർ, ബഥനി ആശ്രമം പ്രൊവിൻഷ്യാൾ, ബഥനി മഠം പ്രൊവിൻഷ്യാൾ, വൈദിക സമി

തിയുടെ സെക്രട്ടറി, മേഖലാ വികാരിമാർ, ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദിക പ്രതിനിധി, വിവിധ അപ്പസ്തോലിക ശുശ്രൂഷകളുടെ ഭദ്രാസനതല ഡയറക്ടർമാർ (MCCL, MCYM, MCA, Vincent de Paul, Family Apostolate, Bible Apostolate, Sunday School, Social Service Society, സുവിശേഷ സംഘം), ഓരോ വൈദിക ജില്ലയിലും പ്രവർത്തിക്കുന്ന സന്യാസ സമൂഹങ്ങളിൽ നിന്നും ഓരോ പ്രതിനിധി, ഭക്ത സംഘടനകളുടെ രൂപതാ പ്രസിഡന്റുമാരും ഉപരി ഘടകങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരും (MCCL, MCYM, MCA, Vincent de Paul), സുവിശേഷ സംഘത്തിൽ നിന്നും ഒരു വനിതാ പ്രതിനിധി, ബാറീത്തോ കാശീറൊ, ബർസീത്തൊ കാശീർത്തൊ, അജപാലന സമിതിയുടെ സെക്രട്ടറി, മേഖലാ അജപാലന സമിതിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു വനിത, ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി (പുരുഷൻ/സ്ത്രീ), ഭദ്രാസന അസംബ്ലിയുടെ റിസോഴ്സ് ടീമംഗങ്ങൾ.

മേൽപ്പറഞ്ഞവരുടെ പങ്കാളിത്തത്തിനായി വേണ്ട ക്രമീകരണങ്ങൾ മേഖലാ വികാരിമാരും, ഇടവക വികാരിമാരും താമസംവിനാ ചെയ്യേണ്ടതാകുന്നു. ഇടവകകളിൽ നിന്നും മേഖലകളിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ ജൂലൈ 15–ാം തിയതിക്ക് മുമ്പായി ബഹു. വർഗ്ഗീസ് പന്തിരായിത്തടത്തിലച്ചനെ അറിയിക്കേണ്ടതാണ്.

ഭദ്രാസന അസംബ്ലിയുടെ വിജയകരവും ഫലദായകവുമായ നടത്തിപ്പിനായി ഏവരും പ്രാർത്ഥിക്കുവാൻ പ്രത്യേകം താൽപര്യപ്പെടുന്നു. കടന്നുവരുന്ന ദ്വിതീയ ഭദ്രാസന അസംബ്ലി നമ്മുടെ ഭദ്രാസനത്തിലെ കുടുംബങ്ങളിൽ കൃപ നിറയുന്നതിനും അതുവഴി സമൂഹത്തിൽ മുഴുവനും പുത്തൻ ഉണർവ്വുണ്ടാകുന്നതിനും ഇടയാക്കട്ടെ!

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്താ

മൂവാറ്റുപുഴ അരമന
04.07.2019

# THE SYRO-MALANKARA CATHOLIC CHURCH

# EPARCHY OF MUVATTUPUZHA

✠ Yoohanon Mar Theodosius
Metropolitan of Muvattupuzha

Catholic Bishop's House
Vazhappilly, Mudavoor P.O,
Muvattupuzha - 686 669

Prot. No. CL 03/2019

## സർക്കുലർ

**വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, ശെമ്മാശൻമാരേ, പ്രിയ വിശ്വാസികളേ,**

പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുന്നാളിന്റെ ഒരുക്കമെന്നവണ്ണം സെപ്റ്റംബർ 1 മുതൽ നാം എട്ടുനോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വിശ്വാസികൾ നെഞ്ചോടു ചേർത്ത്, ഭക്ത്യാദരവോടെ ആചരിക്കുന്ന ഒരു നോമ്പാണിത്. മദ്ധ്യകേരളത്തിൽ വിശിഷ്യാ നമ്മുടെ ഭദ്രാസനം സ്ഥിതിചെയ്യുന്ന ഭൂപ്രദേശങ്ങളിൽ എട്ടു നോമ്പിന് അതീവ പ്രാധാന്യമുണ്ട്. മൂവാറ്റുപുഴ ഭദ്രാസനത്തെ സംബന്ധിച്ച് സ്വർഗ്ഗീയ മദ്ധ്യസ്ഥയെന്ന നിലയിൽ പരിശുദ്ധ അമ്മയുടെ പിറന്നാൾ വലിയ സന്തോഷത്തിന്റെ ഒരു അവസരം കൂടിയാണ്. വിശുദ്ധ ഇരണേവൂസ് പുണ്യവാന്റെ വാക്കുകളിൽ "പരിശുദ്ധ മറിയത്തെ കൂടാതെയുള്ള രക്ഷയുടെ ചരിത്രം അപൂർണ്ണമത്രേ". പ്രശസ്ത ആംഗ്ലേയ സാഹിത്യകാരനായ വേഡ്സ്വർത്തിന്റെ ഭാവനയിൽ "മറിയം നക്ഷത്രങ്ങളിലെ പൂർണ്ണ നക്ഷത്രമാണ്". വരപ്രസാദത്തിന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ മറിയം നമ്മെയും, നമ്മുടെ കുടുംബങ്ങളേയും, ഭദ്രാസനത്തേയും പ്രസാദവരത്താൽ നിറക്കട്ടെ.

2019 ഒക്ടോബർ 8, 9, 10 തീയതികളിൽ നമ്മുടെ സഭയുടെ ആസ്ഥാന കാര്യാലയത്തുവച്ച് നടത്തുവാൻ പോകുന്ന ദ്വിതീയ സഭാ അസംബ്ലിയുടെ മുന്നൊരുക്കമായി നമ്മുടെ ഭദ്രാസനത്തിൽ വിവിധ തലങ്ങളിൽ "കൃപ നിറയുന്ന കുടുംബങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി പഠനശിബിരങ്ങളും, ചർച്ചകളും നടക്കുകയുണ്ടായി. അതേ തുടർന്ന്, കഴിഞ്ഞ ജൂലൈ 26, 27 തീയതികളിൽ പീച്ചി ദർശനാ പാസ്റ്ററൽ സെന്ററിൽ വച്ച് ഭദ്രാസന അസംബ്ലി അനുഗ്രഹകരമായി നടന്നു. അല്മായർ, സന്യസ്തർ, വൈദികർ ഉൾപ്പെടെ 118 പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. അർത്ഥപൂർണ്ണമായ ക്ലാസ്സുകളും ചർച്ചകളും പങ്കുവയ്ക്കലുകളും സമ്മേളനത്തെ കൂടുതൽ ഫലപ്രദമാക്കി. തിരുവചനരഹസ്യത്തിൽ നമ്മുടെ കുടുബങ്ങൾ കൃപയുടെ

നീർച്ചാലുകളാകണമെന്ന ദർശനം അടിസ്ഥാന ചിന്തയായി രൂപപ്പെട്ടു.

നമ്മുടെ ഭദ്രാസനത്തിലെ ബഹു. വൈദികരുടെ സ്ഥലം മാറ്റം, വിവിധ ശുശ്രൂഷകളിലേക്കുള്ള പുതിയ നിയമനങ്ങൾ ഇതിനോടകം പൂർത്തിയായി. ഭദ്രാസനത്തിന്റെ പുതിയ വികാരി ജനറാളായി വന്ദ്യ ചെറിയാൻ ചെന്നിക്കരയച്ചൻ നിയമിതനായി. ബഹു. അച്ചന്റെ നമ്മുടെ ഭദ്രാസനത്തിലും, വിദേശത്തുമുള്ള അജപാലനശുശ്രൂഷകളും പരിചയസമ്പത്തും ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ബഹു. അച്ചനെ സഹായിക്കും. അച്ചന്റെ ശുശ്രൂഷകളെ പ്രാർത്ഥനയും ആത്മാർത്ഥമായ സഹകരണവും നൽകി നമുക്കു ബലപ്പെടുത്താം.

അതുപോലെ, ഭദ്രാസനത്തിന്റെ വികാരി ജനറാളായി നിസ്തുലമായ ശുശ്രൂഷ നിർവ്വഹിച്ച് ആരോഗ്യപരമായ കാരണങ്ങളാൽ ഇപ്പോൾ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച ബഹുമാനപ്പെട്ട വർഗ്ഗീസ് കുന്നുംപുറത്തച്ചന് ഹൃദയം നിറഞ്ഞ നന്ദി. പ്രാർത്ഥനയുടെ ശക്തമായ പിൻബലം നൽകി നമുക്ക് അച്ചനോടൊപ്പമായിരിക്കാം. ഇടവകകളിലും, വിവിധ ശുശ്രൂഷാ മേഖലകളിലും, ഈ കഴിഞ്ഞ കാലയളവിൽ സമർപ്പണ ശുശ്രൂഷ ചെയ്ത എല്ലാ വൈദികരേയും, സന്യസ്തരേയും, പ്രേഷിതരേയും നന്ദിയോടെ ദൈവസിധിയിൽ സമർപ്പിക്കുന്നു.

മൂവാറ്റുപുഴ ഭദ്രാസനത്തിലെ പുതിയ വൈദിക, അജപാലന സമിതികളും ഇതര ഭരണസമിതികളും സെപ്റ്റംബർ മാസത്തോടെ നിലവിൽ വരുന്നതാണ്. പുതിയവ നിലവിൽ വരുന്നതോടെ നിലവിലുള്ള എല്ലാ സമിതികളും അതിനാൽ തന്നെ ഇല്ലാതാകും. എല്ലാ നിയമനങ്ങളുടേയും, സമിതികളുടേയും വിശദവിവരം സെപ്റ്റംബർ മാസത്തിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓരോരുത്തരും തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിട്ടുള്ള സഭാശുശ്രൂഷകൾ വിനയത്തോടും, വിശ്വസ്തതയോടും, വിവേകത്തോടും നിർവ്വഹിക്കുവാൻ ഏവരേയും ഞാൻ ഉദ്ബോധിപ്പിക്കുന്നു.

നവാഭിക്ഷിക്തരായ പിതാക്കന്മാർക്കുവേണ്ടി എല്ലാ വർഷവും പരിശുദ്ധ പിതാവ് റോമിൽ ഒരു പ്രത്യേക പരിശീലനം നൽകുന്ന പതിവുണ്ട്. ഇപ്രാവശ്യം പ്രസ്തുത പരിശീലനം സെപ്റ്റംബർ 3 മുതൽ 12 വരെയാണ്. അതിൽ സംബന്ധിക്കുന്നതിന് എനിക്ക് പോകേണ്ടതുണ്ട്.

ഇത്തവണ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ 89–ാം പുനരൈക്യവാർഷികവും സഭാസംഗമവും, ബഥനി സന്യാസ സമൂഹത്തിന്റെ ശതാബ്ദി പ്രമാണിച്ച്, സെപ്റ്റംബർ 18, 19, 20 തീയതികളിൽ കോട്ടയം ഗിരിദീപത്തിൽ വച്ചു നടക്കുന്നതാണ്. സാന്നിദ്ധ്യം കൊണ്ടും, പ്രാർത്ഥന കൊണ്ടും നമുക്ക് ഈ സഭാസംഗമത്തെ വിജയകരമാക്കാം.

സെപ്റ്റംബർ 21 മുതൽ 29 വരെ, വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പായുടെ ക്ഷണമനുസരിച്ച്, മലങ്കര സുറിയാനി കാതോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ

ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായോടൊപ്പം, നമ്മുടെ സഭയിലെ എല്ലാ പിതാക്കന്മാരും, ഒരു സഭയായി പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയാണ്. അഞ്ചു വർഷം കൂടുമ്പോൾ നടത്തുന്ന ഇപ്രകാരമുള്ള സന്ദർശനം സഭയുടെ നൈയാമികമായ ഒരു സംവിധാനമാണ് (*Ad limina*). ഇത്തരുണത്തിൽ നമ്മുടെ ഭദ്രാസനത്തെ കുറിച്ചുള്ള ഒരു സംക്ഷിപ്ത റിപ്പോർട്ട് പരിശുദ്ധ പിതാവിന്റെ മുമ്പിൽ സമർപ്പിക്കുകയും വേണം. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടേയും പ്രാർത്ഥന എനിക്കാവശ്യമാണ്. എന്റെ അസാന്നിധ്യത്തിൽ ഭദ്രാസനത്തിന്റെ ഭരണചുമതല നിർവ്വഹിക്കുന്നത് വന്ദ്യ വികാരി ജനറാൾ അച്ചനായിരിക്കും.


നമ്മുടെ ഭദ്രാസന ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്ന ദൈനംദിനമുള്ള ദിവ്യകാരുണ്യ ആരാധനസെപ്റ്റംബർ മാസം അവസാനത്തോടെ പുനരാരംഭിക്കുന്നതാണ്.

പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന വൈദിക–അജപാലനസമിതികളുടെ പ്രഥമ സമ്മേളനവും, സത്യപ്രതിജ്ഞയും 2019 സെപ്റ്റംബർ 16 (തിങ്കൾ) 2.30 pm ന് ഭദ്രാസന കാര്യാലയത്തിൽ വച്ച് നടത്തുന്ന വിവരം മുൻകൂട്ടി ഏവരെയും അറിയിക്കുന്നു. പ്രവർത്തി ദിനമായതിനാൽ അവധി എടുക്കേണ്ടവർ മുൻകൂട്ടി അതിനുള്ള ക്രമീകരണം നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

പ്രിയമുള്ളവരെ, തിരുവചനത്തിന്റെ പിൻബലത്തിൽ നമ്മുടെ ഭദ്രാസനം കൂടുതൽ ശക്തിപ്രാപിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കുടുംബങ്ങളിൽ കൃപ നിറയുമ്പോൾ നമ്മുടെ ഇടവകകൾ ആത്മീയ ചൈതന്യത്തിന്റെ സാക്ഷ്യ കൂടാരങ്ങളാകും. നമ്മുടെ വൈദികർ ആത്മസമർപ്പണത്തിലും കൂട്ടായ്മയിലും മുന്നേറുമ്പോൾ നമ്മുടെ ഭദ്രാസനം ആത്മീയമായും ഭൗതീകമായും സമ്പന്നമാകും. പരസ്പരം കാവൽക്കാരായി, കാരുണ്യത്തിന്റെ പാദരക്ഷധരിച്ച് നമുക്ക് സുവിശേഷത്തിന്റെ ഉത്തമസാക്ഷികളാകാം. മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തിൽ പരിശുദ്ധ ദൈവമാതാവിന്റെയും മാർതോമ്മാ ശ്ലീഹായുടെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് അപേക്ഷിക്കാം.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,




മൂവാറ്റുപുഴ അരമന

28.08.2019

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**

മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ

# സഭാതല വാർത്തകൾ

## അസാധാരണമായ മിഷൻ മാസം

ബെനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പ എഴുതിയ മാക്സിമും ഇല്ലൂദ് (Maximum illud) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച്, സാർവ്വത്രിക സഭയിൽ പ്രേഷിതചൈതന്യം പ്രോജ്ജ്വലമാക്കുന്നതിനായി 2019 ഒക്ടോബർ 'അസാധാരണ മിഷൻ മാസ'മായി ആചരിക്കാൻ പരി.പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം ചെയ്തു.

## 89–ാം പുനരൈക്യവാർഷിക സഭാസംഗമവും ബഥനി ആശ്രമ ശതാബ്ദിയും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 89–ാം പുനരൈക്യവാർഷികവും സഭാസംഗമവും ബഥനി ആശ്രമ സ്ഥാപന ശതാബ്ദിയും സംയുക്തമായി 2019 സെപ്തംബർ 19, 20 തീയതികളിൽ മാർ ഈവാനിയോസ് നഗർ കോട്ടയം ഗിരിദീപം സ്കൂളിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 8 മണിക്കാരംഭിച്ച സമൂഹബലിക്ക് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ശിവഗിരി മഠം ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ വിശിഷ്ടാതിഥിയായിരുന്നു.

## ആദ് ലിമിന സന്ദർശനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ് ലിമിന സന്ദർശനം 2019 സെപ്തംബർ 23 മുതൽ റോമിൽ നടന്നു. വി. പത്രോസിന്റെ പിൻഗാമിയോടുള്ള വിധേയത്വം പ്രഖ്യാപിക്കുന്നതിനും വി. പത്രോസ്–പൗലോസ് ശ്ലീഹന്മാരുടെ പുണ്യ കബറിടം സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനുമായാണ് ഈ സന്ദർശനം. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായോടൊപ്പം എല്ലാ മെത്രാപ്പോലീത്താമാരും പരി. ഫ്രാൻസിസ് മാർപാപ്പായെ സന്ദർശിച്ചു. തുടർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അജപാലന പ്രവർത്തനങ്ങളും സഭാജീവിതവും പരി. പിതാവിനെ അറിയിച്ച് പരി. പിതാവിന്റെ നിർദ്ദേശങ്ങളും ശ്ലൈഹിക ആശീർവാദവും സ്വീകരിച്ചു. അഭിവന്ദ്യ പിതാക്കന്മാർ വി. പത്രോസ്–പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങളിൽ പ്രാർത്ഥിക്കുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

## ദ്വിതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8, 9, 10 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടക്കും. 8–ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് അത്യഭിവന്ദ്യ

കാതോലിക്കാ ബാവാ തിരുമേനി സഭാ അസംബ്ലി ഉദ്ഘാടനം ചെയ്യും. രണ്ട് ദിവസത്തെ ചർച്ചകൾക്കും പര്യാലോചനകൾക്കും ശേഷം "കൃപ നിറയുന്ന കുടുംബ"ങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പരി. എപ്പിസ്കോപ്പൽ സുന്നഹദോസിന് നൽകുന്നതിനായി രൂപീകരിക്കും. 10–ാം തീയതി രാവിലെ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 25–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള വി. കുർബ്ബാനയോടുകൂടി സഭാ അസംബ്ലി സമാപിക്കും.

## രണ്ടാമത് സഭാ അസംബ്ലി – പ്രാരംഭസമ്മേളനം

2019 ഒക്ടോബർ 8, 9, 10 തീയതികളിലായി നടക്കുന്ന രണ്ടാമത് മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ ഒരുക്കങ്ങൾക്കായുള്ള വിവിധ കമ്മിറ്റികളുടെ സംയുക്തമീറ്റിംഗ് 2019 ആഗസ്റ്റ് 16–ാം തീയതി വൈകിട്ട് 6 മണി മുതൽ 8.30 വരെ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടത്തപ്പെട്ടു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. 21 കമ്മിറ്റികളായി തിരിച്ച് ഓരോ കമ്മിറ്റികളും നിർവഹിക്കേണ്ട ചുമതലകളെക്കുറിച്ച് വിശദമായി ചർച്ചചെയ്തു.

## സമാഗമം 2019

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഷാർജയിൽ രൂപീകൃതമായതിന്റെ 30–ാം വാർഷികത്തിനോടനുബന്ധിച്ച് മുൻ ഇടവക അംഗങ്ങളുടെ സംഗമം 'സമാഗമം–2019' എന്ന പേരിൽ 2019 ആഗസ്റ്റ് 18–ാം തീയതി പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടത്തപ്പെട്ടു. മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സംഗമം ഉദ്ഘാടനംചെയ്തു. അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച വി. കുർബാനയിൽ യു.എ.ഇ. മലങ്കര സുറിയാനി കത്തോലിക്കാ സഭാ കോർഡിനേറ്റർ വെരി. റവ. ഫാ. മാത്യു കണ്ടത്തിൽ, മുൻ വികാരി റവ. ഫാ. മത്തായി ഐരാണിത്തറ ഒ.ഐ.സി. എന്നിവർ സഹകാർമ്മികരായിരുന്നു. ഷാർജയിൽ സേവനംചെയ്ത റവ. ഫാ. ജെറോം പീടികപറമ്പിൽ ഒ.ഐ.സി., പ്രസിഡന്റ് റിജി അലക്സ്, എം.സി.സി.എൽ. പ്രസിഡന്റ് അമൽ ഷിബു, ഷാർജ കമ്മിറ്റി അംഗം ഷിബു ജോസഫ്, മുൻകാല നേതാക്കളായ ജേക്കബ് പി. ജേക്കബ്, ചാക്കോ പണിക്കർ, മാത്യു പൂവനത്ത്, രാജൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

# ഭദ്രാസന വാർത്തകൾ

## നവമെത്രാന്മാർക്കായി റോമിൽ നടന്ന പരിശീലനം

വിവിധ രാജ്യങ്ങളിൽ നിന്നായി 120 നവമെത്രാന്മാർ പങ്കുചേർന്ന പരിശീലനത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് സംബന്ധിച്ചു. സെപ്തംബർ 4 മുതൽ 12 വരെ റോമിൽ വച്ചു നടന്ന ഈ പരിശീ

ലനം മെത്രാന്മാർക്കായുള്ള ഡിക്കാസ്റ്ററിയാണ് നടത്തിയത്. വിവിധ തിരുസംഘങ്ങളുടെ തലവന്മാരായ കർദ്ദിനാളന്മാരും, പ്രശസ്തരായ അത്മായരുമാണ് ക്ലാസ്സുകൾ നയിച്ചത്. 12–ാം തീയതി പരി. പിതാവിനെ നവമെത്രാന്മാർ കൂട്ടായും വ്യക്തിപരമായും കാണുകയുണ്ടായി.

## വന്ദ്യപിതാവിന്റെ അദ് ലിമിന സന്ദർശനം

പരിശുദ്ധ പിതാവിനെ സന്ദർശിച്ച് നമ്മുടെ രൂപതയുടെ അജപാലന സ്ഥിതിവിവരം അറിയിക്കുന്നതിന് അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് സെപ്തംബർ 21–ന് റോമിലേക്ക് മലങ്കര സഭയിലെ മറ്റു പിതാക്കന്മാരോടൊപ്പം യാത്രയായി. ഒക്ടോബർ 1–ന് വന്ദ്യ പിതാവ് തിരികെ എത്തി.

### ഡിവൈൻ കമ്യൂണിയൻ

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് മൂവാറ്റുപുഴ രൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റെടുത്ത ശേഷമുള്ള രൂപതാ വൈദികരുടെ ആദ്യ സമ്മേളനം "ഡിവൈൻ കമ്യൂണിയൻ" (Divine Communion) ജൂലൈ മാസം 4, 5 തീയതികളിലായി മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ടു. സന്ധ്യാപ്രാർത്ഥനയോടെയും വി. കുർബാനയുടെ ആരാധനയോടും കൂടെ ആരംഭിച്ച സമ്മേളനത്തിൽ ഒഡീഷയിൽ മിഷൻ പ്രവർത്തനം നടത്തുന്ന ബഹു. സൈമൺ അച്ചൻ ഈവാനിയൻ ദർശനങ്ങളും ആദ്ധ്യാത്മികതയും എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. തുടർന്ന് ഭദ്രാസനത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് വൈദികസമൂഹത്തിന്റെ വിശദമായ സംവാദവും ചർച്ചകളും നടന്നു. 5–ാം തിയതി അഭിവന്ദ്യ പിതാവ് തന്റെ അജപാലന സമീപനങ്ങളെക്കുറിച്ചും സ്വപ്നങ്ങളെക്കുറിച്ചും വൈദികരെ അറിയിച്ചു. തുടർന്ന് വ്യക്തിപരമായി ഓരോ വൈദികരെയും കാണുകയും വൈദികർക്ക് സമ്മാനം നൽകുകയും ചെയ്തു.

### ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിലേക്കുള്ള പദയാത്ര

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടമായ പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്കുള്ള ദ്വിതീയ പദയാത്ര 2019 ജൂലൈ 7–ന് മൂവാറ്റുപുഴയിൽനിന്നും ആരംഭിച്ചു. രാവിലെ 7 മണിക്ക് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ രൂപതാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ പരി. കുർബ്ബാന അർപ്പിക്കപ്പെടുകയും 9 മണിയോടെ തീർത്ഥാടന പദയാത്ര ആരംഭിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിനോടൊപ്പം 250–ൽപരം വിശ്വാസികൾ തീർത്ഥാടനപദയാത്രയിൽ പങ്കെടുത്തു. എം.സി.എയുടെയും എം.സി.വൈ എം. ന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ തീർത്ഥാടനപദയാത്രയ്ക്ക് ബഹു. ഫാ.ജോസ് കുറ്റികേരിൽ, ഫാ. കുര്യാക്കോസ് കറുത്തേടത്ത്, ഫാ. കുര്യാക്കോസ് കുടിലിൽ എന്നീ വൈദികർ നേതൃത്വം നൽകി. രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെയും സന്യസ്തരുടെയും വൈദികവിദ്യാർത്ഥികളുടെയും സാന്നിദ്ധ്യം പദയാത്രയെ കൂടുതൽ ബലപ്പെടുത്തി. മൂവാറ്റുപു

ഴയിൽനിന്നും ആരംഭിച്ച പദയാത്ര തിരുവല്ലയിൽ എത്തിച്ചേരുകയും തിരുവല്ല അതിരൂപതയുടെ പദയാത്രയോട് ചേർന്ന് പട്ടം കബറിലേക്ക് യാത്രയാവുകയും ചെയ്തു.

## അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ 40–ാം ചരമദിനം

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ 40–ാം ചരമദിനം ജൂലൈ 13–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെട്രോപ്പോളിറ്റൻ കത്തീഡ്രലിൽ നടത്തപ്പെട്ടു. ചരമദിനത്തിന്റെ ഭാഗമായി അർപ്പിച്ച പരി. കുർബ്ബാനയ്ക്കും ധൂപപ്രാർത്ഥനക്കും മൂവാറ്റുപുഴ രൂപതയുടെ അദ്ധ്യക്ഷനായ തെയോഡോഷ്യസ് പിതാവിനോടൊപ്പം രൂപതയിലെ വികാരി ജനറാളും അതുപോലെ 25 ഓളം വൈദികരും സംബന്ധിച്ച് പ്രാർത്ഥിച്ചു.

## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 66–ാം ഓർമ്മ തിരുനാൾ

മാർ ഈവാനിയോസ് പിതാവിന്റെ 66–ാം ഓർമ്മത്തിരുനാൾ ജൂലൈ മാസം 14, 15 തീയതികളിൽ നടത്തപ്പെട്ടു. 14–ാം തീയതി വൈകുന്നേരം വിവിധയിടങ്ങളിൽ നിന്നാരംഭിച്ച പദയാത്ര കബർ ചാപ്പലിൽ എത്തിച്ചേരുകയും തുടർന്ന് സന്ധ്യാപ്രർത്ഥനയും മെഴുകുതിരി പ്രദക്ഷിണവും നടത്തുകയും ചെയ്തു. 15–ാം തീയതി നടന്ന ഓർമ്മ കുർബ്ബാനയിൽ രൂപതാദ്ധ്യക്ഷനും രൂപതയിൽ നിന്നുള്ള ധാരാളം വൈദികരും സന്യസ്തരും വൈദിക വിദ്യാർത്ഥികളും പങ്കെടുത്തു.

## മൂവാറ്റുപുഴ ഭദ്രാസന അസംബ്ലി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിക്ക് മുന്നോടിയായി മൂവാറ്റുപുഴ ഭദ്രാസന അസംബ്ലി 2019 ജൂലൈ 26,27 (വെള്ളി, ശനി) തീയതികളിൽ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ചു. 2019 ജൂലൈ 26 വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപോലീത്താ വൈദിക - സന്യസ്ത - അല്മായ പ്രതിനിധികളോട് ചേർന്ന് കാതോലിക്കാ പതാക ഉയർത്തിയതോടെ ഭദ്രാസന അസംബ്ലിക്ക് തുടക്കം കുറിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ രൂപതാ ചാൻസലർ പെരിയ ബഹു.തോമസ് ഞാറക്കാട്ടച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപോലീത്താ അദ്ധ്യക്ഷ പ്രസംഗം നടത്തി. ഭദ്രാസനത്തെ സംബന്ധിച്ച് അസംബ്ലി ഒരു പന്തക്കുസ്താ അനുഭവമാകണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. അദ്ധ്യക്ഷ പ്രസംഗത്തെ തുടർന്ന് പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപോലീത്തായോട് ചേർന്ന് മാർ തെയഡോഷ്യസ് മെത്രാപോലീത്താ ഭദ്രദീപം തെളിച്ച് അസംബ്ലി ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

തുടർന്ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി വിഷയാവതരണം നടത്തി. വിവാഹം, മക്കൾ എന്നിവയെ സംബന്ധിച്ചുള്ള മൂല്യബോധത്തിൽ ഇടിവ് സംഭവിച്ചതായി അഭിവന്ദ്യ പിതാവ് ചൂണ്ടിക്കാട്ടി. ലൈംഗികത, ശുദ്ധത എന്നിവയെക്കുറിച്ചുള്ള തെറ്റായ ധാരണകളും ഗർഭച്ഛിദ്രം, വിവാഹമോചനം എന്നിവയെ പിന്തുണയ്ക്കുന്ന നിലപാടുകളും കുടുംബം എന്ന ദൈവീക പദ്ധതിക്ക് വെല്ലുവിളി ഉയർത്തുന്നതായി അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. വചനത്തിന് ഇടം നൽകുമ്പോൾ, പരിശുദ്ധ ദൈവമാതാവിന്റെ ശക്തമായ മാദ്ധ്യസ്ഥം തേടുമ്പോൾ നമ്മുടെ കുടുംബങ്ങളിൽ സ്നേഹത്തിന്റെ ലഹരി നിലനിൽക്കുമെന്ന് അഭിവന്ദ്യ തിരുമേനി ഊന്നിപ്പറഞ്ഞു. സുവിശേഷത്തിലെ സ്ത്രീയെപ്പോലെ പരിശുദ്ധാത്മ ചൈതന്യത്താൽ വിളക്കുകൊളുത്തി, തിരുവചനത്തിന്റെ സഹായത്തോടെ അടിച്ചുവാരി കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടുപോയ മൂല്യങ്ങളേയും നന്മകളേയും വീണ്ടെടുക്കുന്നതിനുള്ള അവസരമാണ് സഭാ അസംബ്ലിയെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സിന്റെ ആദ്യ സെഷനുശേഷം സന്ധ്യാപ്രാർത്ഥനയും വിശുദ്ധ കുർബാനയുടെ വാഴ്വും നടത്തി. അത്താഴത്തിന് ശേഷം അസംബ്ലി അംഗങ്ങൾ വീണ്ടും ഒത്തുചേർന്ന് പിതാവിന്റെ ക്ലാസ്സിൽ സംബന്ധിച്ചു. രാത്രി പ്രാർത്ഥനയ്ക്ക് ശേഷം 10 മണിയോടുകൂടെ ആദ്യദിവസത്തിന് പര്യവസാനം കുറിച്ചു.

അസംബ്ലിയുടെ രണ്ടാം ദിനമായ ജൂലൈ 27 ശനിയാഴ്ച രാവിലെ 6.30 ന് പ്രതിനിധികളെല്ലാവരും പീച്ചി ഇടവക ദേവാലയത്തിൽ ഒരുമിച്ച് ചേർന്ന് പ്രഭാത നമസ്കാരം നടത്തി. അഭിവന്ദ്യ ഭദ്രാസനാദ്ധ്യക്ഷന്റെ മുഖ്യ കാർമ്മികത്വത്തിലും അസംബ്ലിയിൽ പങ്കെടുത്ത എല്ലാ വൈദികരുടേയും സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെട്ടു. തുടർന്ന് അസംബ്ലി അംഗങ്ങൾ എല്ലാവരും ഭദ്രാസനാദ്ധ്യക്ഷനോട് ചേർന്ന് ഫോട്ടോ എടുത്തു.

പ്രഭാത ഭക്ഷണത്തിന് ശേഷം പ്രൊഫ.ഡോ.കൊച്ചുറാണി ജോസഫ് ക്ലാസ്സ് നയിച്ചു. ജീവന്റേയും വിശ്വാസത്തിന്റേയും വിശുദ്ധിയുടേയും കൂട്ടായ്മയുടേയും സ്കൂളാണ് കുടുംബമെന്ന് അവർ ഓർമ്മിപ്പിച്ചു. ഓരോ കുടുംബത്തിലും ''ഗാർഹിക പന്തക്കുസ്താ'' അനുഭവം ഉണ്ടാകണമെന്ന് ടീച്ചർ ആഹ്വാനം ചെയ്തു. മാറിയ ജീവിത സാഹചര്യത്തിൽ സ്ത്രീകൾക്കൂടി ജോലി ചെയ്യുമ്പോൾ അതനുസരിച്ച് കുടുംബങ്ങളുടെ ജീവിതശൈലിയിൽ മാറ്റം വന്നത് എല്ലാവരും അംഗീകരിക്കണം. ഉദ്യോഗസ്ഥയായ ഭാര്യയുടെ കൂടെ കുടുംബത്തെ മുന്നോട്ടുകൊണ്ടു പോകാനുള്ള പരിശീലനം ആൺകുട്ടികൾക്കും, പെട്ടെന്ന് സംലഭ്യമായ സാമ്പത്തിക സ്വാതന്ത്ര്യം മൂലം അഹങ്കാരത്തിലേയ്ക്ക് വീഴാതിരിക്കാനുള്ള പരിശീലനം പെൺകുട്ടികൾക്കും നല്കേണ്ടതുണ്ട്.

തുടർന്ന് ഗ്രൂപ്പുതല ചർച്ച നടന്നു. അസംബ്ലി അംഗങ്ങളെ ഏദൻ, ഹെബ്രോൺ, ബേർഷെബ, ബഥേൽ, ബേത്‌ലഹേം, നസ്രത്ത്, കാനാ,

ബഥാനിയ എന്നീ 8 ഗ്രൂപ്പുകളായി തിരിച്ചാണ് ചർച്ച നടന്നത്. മൂവാറ്റുപുഴ ഭദ്രാസനം സ്വീകരിക്കേണ്ട പ്രായോഗിക നടപടികളെ സംബന്ധിച്ച പൊതുചോദ്യവും ഓരോ ഗ്രൂപ്പിനും ലഭിച്ച പ്രത്യേക ചോദ്യവും സജീവമായി ചർച്ചചെയ്തു. ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഓരോ ഗ്രൂപ്പും റിപ്പോർട്ടവതരണസമയത്ത് ഹ്രസ്വമായി അവതരിപ്പിച്ചു. ബഥനി സന്യാസിനീ സമൂഹത്തിന്റെ മൂവാറ്റുപുഴ പ്രൊവിൻഷ്യൽ മദർ ഗ്ലാഡിസ് SIC മോഡറേറ്ററായിരുന്നു.

തുടർന്ന് പൊതുചർച്ചയ്ക്കുള്ള അവസരമായിരുന്നു. ബഥനി ആശ്രമം നവജ്യോതി പ്രൊവിൻഷ്യൽ പെരിയ ബഹു.ജോസ് മരിയദാസ് OIC മോഡറേറ്ററായിരുന്നു. ചർച്ചാവേളയുടെ തുടക്കത്തിൽ 2 കുടുംബങ്ങളെ അസംബ്ലിയിൽ പരിചയപ്പെടുത്തി. രൂപതയിലെ ചക്കുങ്ങ് ഇടവകാംഗമായ സുനിൽ ഈട്ടിത്തടത്തിൽ ഭാര്യയോടും 7 മക്കളോടുമൊപ്പം അസംബ്ലിയെ അഭിസംബോധന ചെയ്തു. തുടർന്ന് കുന്നക്കുരുടി ഇടവകാംഗമായ എബി പോൾ ആലപ്പാട്ട് ഭാര്യയോടും 4 മക്കളോടുമൊപ്പം അസംബ്ലി അംഗങ്ങളോട് ദൈവപരിപാലനയുടെ അനുഭവം പങ്കുവച്ചു. ഈ 2 കുടുംബങ്ങളുടേയും വിശിഷ്ട സാന്നിദ്ധ്യവും സാക്ഷ്യവും അസംബ്ലിയുടെ ചാരുത വർദ്ധിപ്പിച്ചു. പൊതു ചർച്ചയിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളും സംശയ നിവാരണങ്ങളും നടന്നു.

ഉച്ചഭക്ഷണത്തിന് ശേഷം അസംബ്ലിയുടെ പ്രമേയവും ദർശനവും അവതരിപ്പിക്കപ്പെട്ടു. തിരുവചന രഹസ്യത്തിൽ കുടുംബങ്ങൾ കൃപയുടെ നീർച്ചാലുകളാകണമെന്ന ദർശനം അടിസ്ഥാന ചിന്തയായി രൂപപ്പെട്ടു. വെരി റവ. ഡോ.ജോസ് മരിയദാസ് OIC, വെരി റവ.ഫാ.തോമസ് ഞാറക്കാട്ട്, റവ.ഫാ.വർഗ്ഗീസ് പന്തിരായിത്തടത്തിൽ, റവ. മദർ ഗ്ലാഡിസ് SIC, ശ്രീ.ജോർജ്ജ്കുട്ടി V.C എന്നിവർ ചേർന്ന സമിതിയാണ് ഗ്രൂപ്പ് ചർച്ചകളുടേയും പൊതു ചർച്ചയുടേയും വെളിച്ചത്തിൽ ദർശനവും പ്രമേയവും തയ്യാറാക്കിയത്. ശ്രീ.വി.സി.ജോർജ്ജ്കുട്ടി അവതരിപ്പിച്ച പ്രമേയത്തിന്മേൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ ലഘുവായ ചില ഭേദഗതികളോടെ പ്രമേയം അംഗീകരിക്കാമെന്ന് ശ്രീ.കെ.ടി. കുര്യാക്കോസ് നിർദ്ദേശിച്ചു. ശ്രീ.ബിജു മണ്ടുംപാൽ ഈ നിർദ്ദേശത്തെ പിന്താങ്ങി.

തുടർന്ന് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപോലീത്താ സമാപന സന്ദേശം നൽകി. "കൃപ നിറഞ്ഞ അസംബ്ലിയാണ് " നടന്നതെന്നും സ്വർഗ്ഗത്തിന്റെ വലിയ നടത്തിപ്പ് അസംബ്ലിയിലുടനീളം ഉണ്ടായിരുന്നുവെന്നും അഭിവന്ദ്യ പിതാവ് സാക്ഷ്യപ്പെടുത്തി. കുടുംബങ്ങൾ സുവിശേഷവത്കരണത്തിന്റെ മുഖമണിയണമെന്ന് തിരുമേനി ആഹ്വാനം ചെയ്തു. കുടുംബങ്ങളുടേയും ഇടവകകളുടേയും സാമൂഹ്യ പ്രതിബദ്ധതയേക്കുറിച്ച് പിതാവ് സൂചിപ്പിച്ചു. കുടുംബങ്ങൾ വിപണന കേന്ദ്രങ്ങളായി മാറാതിരിക്കാൻ ശ്രദ്ധിക്കണം. ഇതര സഭാ/മത വിഭാഗങ്ങളിൽപ്പെട്ട സഹോദരങ്ങളോട് അടുത്തിട





സെപ്റ്റംബർ 16 – ന് നടത്തപ്പെട്ട മൂവാറ്റുപുഴ ഭദ്രാസന വൈദിക സമിതിയുടെയും അജപാലനസമിതിയുടെയും സംയുക്തയോഗം ഉദ്ഘാടനം ചെയ്യുന്നു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട സമിതിയംഗങ്ങളുടെ സത്യപ്രതിജ്ഞ.



പുതുതായി തിരഞ്ഞെടുക്കപ്പെട്ട മൂവാറ്റുപുഴ ഭദ്രാസന വൈദിക സമിതിയംഗങ്ങൾ



പുതുതായി തിരഞ്ഞെടുക്കപ്പെട്ട മൂവാറ്റുപുഴ ഭദ്രാസന അജപാലന സമിതിയംഗങ്ങൾ

# ആദ് ലിമിന സന്ദർശനം...



അഭിവന്ദ്യ പിതാക്കന്മാർ
പ്രൊപ്പഗാന്ത ഫീദെ സന്ദർശിച്ചപ്പോൾ



റോമിൽ വി.കുർബ്ബാന അർപ്പിച്ചതിനുശേഷം
അഭിവന്ദ്യ പിതാക്കന്മാർ റോമിലുള്ള നമ്മുടെ
ബഹു. വൈദികരോടും സന്യസ്തരോടുമൊപ്പം



പരി.പിതാവ് ഫ്രാൻസീസ് പാപ്പയോടൊപ്പം
അഭിവന്ദ്യ പിതാക്കന്മാർ



അഭിവന്ദ്യ പിതാക്കന്മാർ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ



അഭിവന്ദ്യ
ജൂലിയോസ് പിതാവ്
മാർപാപ്പയോടൊപ്പം

നവമെത്രാന്മാർക്കായി റോമിൽ നടന്ന പരിശീലനത്തിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാർ





മൂവാറ്റുപുഴ ഭദ്രാസന അസംബ്ലി പീച്ചിയിൽ



# 89 –ാം പുനരൈക്യ വാർഷികാഘോഷവും സഭാസംഗമവും









സഭയിൽ പുതുതായി പുറത്തിറക്കിയ LECTIONARY പ്രകാശനം ചെയ്യുന്നു.



പഴകുന്നതിനുള്ള സന്ദർഭങ്ങളും വിഷയങ്ങളും അവഗണിക്കരുത്. പുനരൈക്യം, സുവിശേഷവത്കരണം എന്നീ ലക്ഷ്യങ്ങളോടെ ഓരോ ഇടവകയിലും ഒരു ഗ്രൂപ്പ് പ്രാർത്ഥനയോടെ ഇറങ്ങിപ്പുറപ്പെടണമെന്നും അഭിവന്ദ്യ മെത്രാപ്പോലീത്താ സൂചിപ്പിച്ചു. അസംബ്ലിയുടെ കോ-ഓർഡിനേറ്റർ ഫാ.വർഗ്ഗീസ് പന്തിരായിത്തടത്തിൽ കൃതജ്ഞത അർപ്പിച്ചു. അസംബ്ലിയുടെ മുഴുവൻ ഭക്ഷണചിലവും വഹിച്ച മൂവാറ്റുപുഴ ബഥനി സന്യാസിനി സമൂഹത്തിന് പ്രത്യേകം നന്ദി അറിയിച്ചു. 105 പ്രതിനിധികൾ സംബന്ധിച്ച ദ്വിതീയ ഭദ്രാസന അസംബ്ലി അഭിവന്ദ്യപിതാവ് കാതോലിക്കാ പതാക താഴ്ത്തിയതോടെ ഏകദേശം 4 മണിയോടുകൂടി ഔപചാരികമായി സമാപിച്ചു.

## അസംബ്ലിയുടെ ദർശനവും പ്രമേയവും

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ദ്വിതീയ സഭാതല അസംബ്ലിക്ക് മുന്നോടിയായി മൂവാറ്റുപുഴ ഭദ്രാസന അസംബ്ലി 2019 ജൂലൈ 26–27 (വെള്ളി, ശനി) തീയതികളിൽ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ സമ്മേളിച്ചു. ''കൃപ നിറയുന്ന കുടുംബങ്ങൾ'' എന്ന വിഷയത്തേക്കുറിച്ച് 2 ദിനങ്ങളിലായി നടന്ന ക്ലാസ്സുകളുടേയും പ്രാർത്ഥനാപൂർവ്വമായ പരിചിന്തനങ്ങളുടേയും ചർച്ചകളുടേയും വെളിച്ചത്തിൽ ഈ ഭദ്രാസന അസംബ്ലി കൈക്കൊള്ളുന്ന ദർശനങ്ങളും പ്രമേയവും:

1) കുടുംബ പ്രേഷിത കാര്യാലയത്തിന്റെ സംവിധാനവും പ്രവർത്തനങ്ങളും കാര്യക്ഷമമായി പുനഃക്രമീകരിക്കണം. ആധുനിക സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ കുടുംബങ്ങളെ സജ്ജീകരിക്കാൻ കുടുംബ പ്രേഷിത കാര്യാലയത്തിന്റെ കീഴിൽ ഒരു വിദഗ്ധ സമിതി ഉണ്ടാകണം. കുടുംബങ്ങളോട് ചേർന്ന് നടക്കുന്ന (Accompanying the families) രീതിയിൽ കുടുംബ പ്രേഷിത സംവിധാനം കാര്യക്ഷമമാകണം. ഫാമിലി കൗൺസിലിംഗിനുള്ള സംവിധാനങ്ങൾ രൂപീകരിക്കണം. ലൈംഗിക വിശുദ്ധി, ജീവിത വിശുദ്ധി എന്നി തലങ്ങളിലെ വെല്ലുവിളികളെ നേരിടാൻ കുടുംബങ്ങളെ സജ്ജമാക്കണം.

2) കുടുംബങ്ങൾ വിശ്വാസത്തിന്റെ വിളനിലമായിരിക്കണം. കുടുംബങ്ങളിൽ വിശ്വാസം പ്രഘോഷിക്കപ്പെടണം, ആഘോഷിക്കപ്പെടണം, പങ്കുവയ്ക്കപ്പെടണം. കുട്ടികളുടേയും യുവജനങ്ങളുടേയും യുവദമ്പതികളുടേയും വിശ്വാസ രൂപീകരണത്തിനും തുടർപരിശീലനത്തിനും പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടണം. മതബോധനം ഇടവകകളുടെ എല്ലാ തലങ്ങളിലും കാര്യക്ഷമമായി നടക്കണം. വചനാധിഷ്ഠിത ജീവിതത്തിന് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണം. തിരുവചന രഹസ്യത്തിൽ കുടുംബങ്ങൾ കൃപയുടെ നീർച്ചാലുകളാകണം. വിവിധ പ്രേഷിത ശുശ്രൂഷകൾ, ഉദാ: MCCL, MCYM, MCA പോലുള്ള സംഘടനകൾ മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് പുനർനിർവ്വചിക്കപ്പെടണം.

3) മാധ്യമങ്ങളും നവമാധ്യമങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ എല്ലാ കുടുംബങ്ങളേയും പ്രത്യേകിച്ച് നവ കുടുംബങ്ങളെ

പ്രാപ്തരാക്കുന്നതിന് വിവാഹ ഒരുക്ക സെമിനാർ പോലുള്ള സംവിധാനങ്ങൾ പുന:ക്രമീകരിക്കപ്പെടുകയും പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുകയും ചെയ്യണം. മാറിയ ജീവിത സാഹചര്യങ്ങളിൽ കുടുംബപ്രാർത്ഥനയുടെ സമയം ക്രമീകരിക്കുന്നതിന് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണം.

4) രൂപതാതലത്തിൽ ഒരു വിശദമായ ഡേറ്റാബയ്സ് (Data Base) രൂപീകരിക്കണം. രൂപതയിലെ കുടുംബങ്ങളുടെ വിശദമായ വിവരങ്ങൾ – വിവാഹിതർ, കുട്ടികൾ, വിധവകൾ, പുറത്ത് ജോലി ചെയ്യുന്നവർ, ഭിന്നശേഷിക്കാർ ഇവരുടെ വിവരങ്ങൾ – അതിൽ ഉണ്ടായിരിക്കണം. ഭിന്നശേഷിക്കാർക്കും അവശത അനുഭവിക്കുന്നവർക്കും ഇടവക ദേവാലയങ്ങളിൽ സുഗമമായി പ്രവേശിക്കുന്നതിന് അനുയോജ്യമായ ക്രമീകരണങ്ങൾ ഓരോ ഇടവക ദേവാലയത്തിനും ഉണ്ടാകണം.

5) മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം, ''ആധുനിക കാലത്തെ പുതിയ ലഹരികൾ'' എന്നീ സാമൂഹിക തിന്മകളെ ചെറുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. രൂപതയുടെ നേതൃത്വത്തിൽ ഡി–അഡിക്ഷൻ സെന്റർ ആരംഭിക്കണം.

6) സാമ്പത്തികമായും സാമൂഹികമായും വിശ്വാസപരമായും താഴേത്തട്ടിൽ കഴിയുന്ന കുടുംബങ്ങളെ സമുദ്ധരിക്കാനുള്ള പ്രായോഗിക പദ്ധതികൾ അടുത്ത 5 വർഷത്തേയ്ക്ക് രൂപതാ തലത്തിൽ ഉണ്ടാകണം. യുവജനങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലനങ്ങൾ, PSC കോച്ചിംഗ് സെന്റേഴ്സ് എന്നിവ ആരംഭിക്കണം.

8) ആദിമ സഭയുടെ ചൈതന്യത്തിൽ ഇടവകകൾ ശക്തിപ്പെടണം. കുടുംബകൂട്ടായ്മ, പ്രാർത്ഥനായോഗങ്ങൾ എന്നിവ ശക്തമാകണം. സുവിശേഷ സംഘം എല്ലാ ഇടവകകളിലും സജ്ജമാകണം. അടുത്ത 5 വർഷം കൊണ്ട് രൂപതയിലെ എല്ലാ കുടുംബങ്ങളിലും ഒരു സുവിശേഷ സംഘാംഗമെങ്കിലും ഉണ്ടാകണം. പുനരൈക്യ പരിശ്രമങ്ങൾക്കായി ഇടവക തലത്തിൽ ടീമുകൾ ഉണ്ടാകണം. വൈദിക സന്യസ്ത ജീവിതങ്ങളിലേയ്ക്കുള്ള ദൈവവിളി പ്രോത്സാഹനം കുടുംബങ്ങളുടേയും ഇടവകകളുടേയും പ്രധാന ശുശ്രൂഷയായി മാറണം.

നമ്മുടെ കുടുംബങ്ങൾ കൃപ നിറയുന്ന ഇടങ്ങളായി മാറുന്ന ''**ഗാർഹിക പന്തക്കുസ്ത അനുഭവം**'' ഓരോ കുടുംബത്തിലും ഉണ്ടാകട്ടെയെന്ന പ്രാർത്ഥനയോടെ ഈ പ്രമേയം അസംബ്ലി മുമ്പാകെയും രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തിനായും സമർപ്പിക്കുന്നു.

## മൂവാറ്റുപുഴ ഭദ്രാസനത്തിന് പുതിയ വികാരി ജനറാൽ, ചാൻസിലർ, പ്രൊക്യുറേറ്റർ

മലങ്കര കത്തോലിക്കാ സഭ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പുതിയ വികാരി ജനറാളായി മോൺ. ചെറിയാൻ ചെന്നിക്കരയെയും ചാൻസിലറായി റവ.ഡോ.തോമസ് മുതലപ്രയെയും ഫിനാൻസ് ഓഫീസറായി റവ.ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കലിനെയും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ നിയമിച്ചു. 2019 ജൂലൈ 30–ന് ഭദ്രാസന

കാര്യാലയത്തിൽ വച്ച് നടന്ന എപ്പാർക്കിയൽ കൺസൽട്ടേഴ്സിന്റെ യോഗത്തിലാണ് പ്രഖ്യാപനം നടന്നത്. 2019 ആഗസ്റ്റ് 15-ന് പുതിയ നിയമനങ്ങൾ പ്രാബല്യത്തിൽ വന്നു.

കട്ടിലപ്പൂവം സെന്റ് മേരീസ് ഇടവകാംഗമായ മോൺ. ചെറിയാൻ ചെന്നിക്കര അച്ചൻ 1991 ഏപ്രിൽ 2-ാം തിയതിയാണ് വൈദികനായി അഭിഷിക്തനായത്. മൂവാറ്റുപുഴ ഭദ്രാസനത്തിലെ നീറാമുകൾ, പിറവം, ഏഴക്കരനാട്, വെട്ടിക്കൽ, ഓണക്കൂർ, കൊമ്പഴ, ചക്കുങ്ങ്, ചേലക്കര, കളപ്പാറ എന്നീ ഇടവകകളിലും 7 വർഷത്തോളം ജർമ്മനിയിലും ശുശ്രൂഷ നിർവ്വഹിച്ചിട്ടുള്ള അച്ചൻ ഇപ്പോൾ എറണാകുളം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക വികാരിയായും പിറവം മേഖല പ്രോട്ടോ പ്രിസ്ബിറ്ററായും സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

കരിമ്പ സെന്റ് മേരീസ് ഇടവകാംഗമായ റവ. ഡോ. തോമസ് മുതലപ്ര അച്ചൻ 1992 മാർച്ച് 30-ാം തിയതി വൈദികനായി അഭിഷിക്തനായി. റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്നും കാനൻ നിയമത്തിൽ ഒന്നാം റാങ്കോടെ ഡോക്റ്ററേറ്റ് കരസ്ഥമാക്കിയ ബഹു. അച്ചൻ രൂപതയുടെ ജുഡീഷ്യൽ വികാരിയായും സാമൂഹ്യ സേവന വിഭാഗമായ സമൃദ്ധിയുടെ ഡയറക്ടറായും ഇളനാട്, കളപ്പാറ, കുത്തുപാറ, വെട്ടിക്കൽ, ചുവന്നമണ്ണ്, ചക്കുങ്ങ്, വെട്ടായി, ചേലയ്ക്കൽ ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. രൂപത എം.സി.എ. ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റോമിലെ ഉർബനിയാനും യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവ ശാസ്ത്രപഠനം പൂർത്തിയാക്കിയ റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ അച്ചൻ 2012 ഏപ്രിൽ 12-ന് വൈദികനായി അഭിഷിക്തനായി. ചാത്തമറ്റം, പോത്താനിക്കാട്, പെരുവ, നീറാമുകൾ, ഏഴക്കരനാട്, ചുവന്നമണ്ണ്, കൊമ്പഴ തുടങ്ങിയ ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ബഹു. അച്ചൻ ഇപ്പോൾ കോട്ടപ്പുറം, പാമ്പാക്കുട ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

## വൈദികസമിതിയുടെയും അജപാലന സമിതിയുടെയും സംയുക്ത യോഗം

ഭദ്രാസനത്തിൽ പുതുതായി രൂപീകൃതമായ വൈദികസമിതിയുടെയും അജപാലന സമിതിയുടെയും ഒരു സംതുക്തയോഗം 2019 സെപ്റ്റംബർ 16 തിങ്കളാഴ്ച മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിൽവച്ച് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ പെരിയ ബഹു. തോമസ് ഞാറക്കാട്ട് അച്ചനെ വൈദിക സമിതി സെക്രട്ടറിയായും ശ്രീ.വി.സി. ജോർജ്ജുകുട്ടിയെ അജ പാലന സമിതി സെക്രട്ടറിയായും തിരഞ്ഞെടുത്തു.

# EPARCHY OF MUVATTUPUZHA
# APPOINTMENTS & TRANSFERS - 2019

| | |
|---|---|
| Very Rev. Msgr. Cherian Chennikkara | : Proto-Syncelus |
| Very Rev. Dr. Thomas Muthalapra | : Chancellor |
| Very Rev. Fr. George Kochupurackal | : Finance Officer |
| Rev. Fr. George Maramkandom | : Bishop's Office Secretary |
| Rev. Fr. George Arackamyalil | : Bishop's Personal Secretary |
| Very Rev. Fr. Kuriakose Nellattu | : Rector, Minor Seminary |
| Rev. Fr. George Arackamyalil | : Vice Rector, Minor Seminary |
| Rev. Fr. Varghese Panadaramkudiyil | : Corporate Manager |
| Rev. Fr. Thomas Pullukalayil | : Director, Samridhy, Social Service Society |
| Rev. Fr. Abraham Pulickal | : Estate, Kadavanad |

## PROTO-PRESBYTERS

| | |
|---|---|
| Very Rev. Fr. Isaac Kochery | : Karimba District |
| Very Rev. Fr. Michael Vadakkeveetil | : Kunnamkulam District |
| Very Rev. Fr. Kuriakose Nellattu | : Muvattupuzha District |
| Very Rev. Fr. Kuriakose Mulakukodyil | : Peechi District |
| Very Rev. Fr. Thomas Njarakkatt | : Piravom District |

## PARISHES AND MISSIONS

| | |
|---|---|
| 1. Andikulathil Rev. Fr. John | : Vancouver, Canada. |
| 2. Arackamyalil Rev. Fr. George | : Asst. Vicar, Thammanimattom, Valakom. |
| 3. Aarambillikudiyil Rev. Fr. Kurian | : Vicar, St. Thomas SMCC, Keezhillam. |
| 4. Attumalil Rev. Fr. Thomas | : Vicar, St. Mary's Bethlehem Piravom.<br>St. Mary's SMCC, Onakkoor. |
| 5. Cherikkayathu Rev. Fr. Johny | : Vicar, St. Thomas SMCC, Karuvankadu<br>St. Paul's SMCC, Mattampuram. |
| 6. Easwarankudiyil Rt. Rev. John Varghese Corepiscopo | : Vicar, St. Mary's SMCC, Vengola |

| | | |
|---|---|---|
| 7. Edayalikudiyil Rev. Fr. John | : | Vicar, St. Joseph's SMCC, Jellipara. |
| 8. Erattamakkal Rev. Fr. Philip | : | Vicar, St. Peter's SMCC, Pampakuda.<br>St. Mary's SMCC, Kottapuram. |
| 9. Kadamala Rev. Fr. Varghese | : | Vicar, St. George SMCC, Chirakkalpadi. |
| 10. Kalarikalayil Rev. Fr. Mathew | : | Vicar, Deva Matha SMCC, Pothanikkad. |
| 11. Kappil Rev. Fr. Joseph | : | Vicar, St. Mary's SMCC, Kakkanad.<br>St. Peter's & St. Paul's SMCC, Monappally. |
| 12. Karamel Koickal Rev. Fr. Paul | : | Vicar, St. Thomas SMCC, Muringoor |
| 13. Karuthedath Rev. Fr. Kuriakose | : | Vicar, St. Thomas SMCC, Chuvannamannu<br>St. Jude's Mission, Thrissur |
| 14. Kattarumoolayil Rev. Fr. Mathew | : | Vicar, St. Peter & Paul SMCC, Vettayi.<br>St. Mary's SMCC, Kuthupara |
| 15. Kayyanickal Rev. Fr. George | : | Vicar, St. Peters & St. Paul's SMCC, Neeramukal.<br>St. Thomas SMCC, Ezhakaranad. |
| 16. Keeyalil Rev. Fr. Jacob | : | Vicar, Amalagiri SMCC, Adipperanda<br>St. George's SMCC, Chakkund. |
| 17. Kizhakkinedath Rev. Fr. Paulose | : | Vicar, St. James SMCC, Poothrikka. |
| 18. Kochery V. Rev. Fr. Isaac | : | Vicar, St. Mary's SMCC, Karimba.<br>St. Jude's SMCC, Mannarkkad. |
| 19. Kochupurackal V. Rev. Fr. George | : | Vicar, St. Peter's SMCC, Thammanimattom<br>St. Thomas SMCC, Valakom. |
| 20. Kudilil Rev. Fr. Joseph | : | Asst. Vicar, Ernakulam, Aluva. |

| | | |
|---|---|---|
| 21. Kudilil Rev. Fr. Kuriakose | : | Vicar, St. Thomas SMCC, Peruva.<br>St. Mary's SMCC,Perumbadavam. |
| 22.Kuttikery Rev. Fr. Jose | : | Vicar, St. Sebastian's SMCC,Nellimattom.<br>St. Lawarance SMCC, Valara. |
| 23. Kuzhuppully Rev. Fr. Job | : | Vicar, St George's SMCC, Vazhani |
| 24. Makkapallil Rev. Fr. John | : | Vicar, St. Mary's SMCC, Vettickal. |
| 25. Mandumpal Rev. Fr. Babu Mathews | : | Vicar, St. Mary's SMCC, Parlikkad. |
| 26. Mankulam Rev. Fr. George | : | Vicar, St. Mary's SMCC, Kothamangalam.<br>St. George's SMCC, Chathamattom. |
| 27. Maramkandom Rev. Fr. George | : | Vicar, Santhome SMCC Perumbavoor. |
| 28. Melepeedikayil Rev. Fr. Geevarghese | : | Vicar, St. Joseph's SMCC, Irumbamutty.<br>Holy Family SMCC,Kanjikulam. |
| 29. Mulakukodiyil V. Rev. Fr. Kuriakose | : | Vicar, St. George's SMCC, Peechi. |
| 30. Muthalapra V. Rev. Dr. Thomas | : | Vicar, St. George SMCC, Kunnakurudy<br>St. Mary's SMCC, Mazhuvannoor |
| 31. Muttuthan Rev. Fr. Mathew | : | Vicar, St. Thomas SMCC,Kongad.<br>St. Mary's SMCC, Olavakode.<br>Valayar Mission. |
| 32. Nellattu V. Rev. Fr. Kuriakose | : | Vicar, St. Joseph's Cathedral, Muvattupuzha |
| 33. Njarakkattu V. Rev. Fr. Thomas | : | Vicar, St. Thomas SMCC, Ernakulam.<br>St. John's SMCC, Aluva |
| 34. Pandaramkudiyil Rev. Fr. Varghese | : | Vicar, St. Mary's SMCC, Anchelpetty.<br>St. Mary's SMCC, Mamalassery. |

| | | |
|---|---|---|
| 35. Pandaramkudiyil Rev. Fr. Joachim | : | Vicar, St. Mary's SMCC, Kattilapoovam.<br>St. Michael's SMCC, Kachithode. |
| 36. Panthirayithadathil Rev. Fr. Varghese | : | Vicar, St. Jude's SMCC, Kalamassery. |
| 37.Pullukalayil Rev. Fr. Thomas | : | Vicar, St. Thomas SMCC, Puthuppanam. |
| 38. Puthenpurackal Rev. Fr. Robins | : | Vicar, St. Mary's SMCC, Kunnamkulam.<br>St. George SMCC, Anjoor. |
| 39. Puthoor Rev. Fr. Varghese | : | Vicar, St. Joseph's SMCC, Elanadu.<br>St. Mary's SMCC, Kalleppadam |
| 40. Thadavilayil Rev. Fr. Augustine | : | Vicar, St. Paul's SMCC, Veliyanad.<br>St. Blasius SMCC, Kalambur. |
| 41. Thazathel Rev. Fr. Joseph | : | Vicar, St. Thomas Mission, Coimbatore.<br>St. Thomas Mission, Malumichampatti, Avai Nagar. |
| 42. Vadakkeveetil V. Rev. Fr. Michael | : | Vicar, St. Mary's SMCC, Chelakkara. |
| 43. Velickakath Rev. Fr. Wilson | : | Vicar, St. Mary's SMCC, Kombazha. |
| 44. Vettikattil Rev. Fr. Thomas | : | Vicar, St. Mary's SMCC, Mannamangalam<br>St. George's SMCC, Marottichal. |
| 45. Kuttiyil Rev. Fr. Joshua OIC | : | Vicar, Aarogyamatha Mission, Kinathukadavu, Coimbatore.<br>St. Antony's Mission, Pollachi. |
| 46. Cherupuzhathottam Rev. Fr. Ninan O.I.C | : | Vicar, St. George's SMCC Kallumpuram. |
| 47. Rev. Fr. Christudas OIC | : | Vicar, Christ the King SMCC, Kondazy. |
| 48. Plathottathil Rev. Fr. Stephen OIC | : | Vicar, St. George SMCC, Kalappara. |

## APOSTOLATES & ASSOCIATIONS

| | | |
|---|---|---|
| Sunday School & MCCL | : | Rev. Fr. Thomas Vettikattil |
| MCYM | | |
| Director | : | Rev. Fr. Kuriakose Karuthedath |
| Asst. Director | : | Rev. Fr. Joseph Kudilil |
| MCYM Animator | : | Sr. Smitha SIC |
| MCYM Lay Animator | : | Mr. Shibu Panachikal |
| MCA | : | Very Rev. Msgr. Cherian Chennikkara |
| *Mathruvedi* | | |
| Director | : | Rev. Fr. John Makkapallil |
| President | : | Mrs. Rani N Joseph, Veliyanad |
| Family Apostolate | : | Rev. Fr. George Maramkandom |
| Assistant | : | Sr. Philo OSS |
| St. Vincent De Paul Society | : | V. Rev. Fr. Michael Vadakkeveetil |
| Public Relations Officer | : | V. Rev. Msgr. Cherian Chennikkara |
| Bible Apostolate | : | Rev. Fr. Augustine Thadavilayil |
| *Suvisesha Sangam* | : | Rev. Fr. Kuriakose Kudilil |
| Vocation Promoter | : | Rev. Fr. Jose Kuttikery |
| Assistant Vocation Promoter | : | Rev. Fr. Mathew Muttuthan |
| Perpetual Adoration, Cathedral | : | Sr. Mary Jacob DM |
| House Minister, Bishop's House, MVPA | : | Sr. Candida DM |
| House Minister, Samridhy, Keezhillam | : | Rev. Fr. Paul Karamel Koickal |
| *Vimalanadam*, Eparchial Bulletin | | |
| Editor | : | Rev. Fr. George Maramkandom |
| Sub-Editor | : | Rev. Fr. George Arackamyalil |
| Chelakkara Estate | : | V. Rev. Fr. Michael Vadakkeveetil |

## EPARCHIAL COMMISSIONS

| | | |
|---|---|---|
| Eparchial Commission for Liturgy | | |
| Director | : | Rev. Fr. Paul Karamel Koickal |
| Eparchial Commission for Bible Apostolate | | |
| Director | : | Rev. Fr. Augustine Thadavilayil |

| | | |
|---|---|---|
| Eparchial Commission for Evangelization | | |
| Directors | : | V. Rev. Fr. Isaac Kochery (Northern Region: Karimba, Kunnumkulam, Peechi) |
| | : | Rev. Fr. Mathew Kalarikalayil (Southern Region: Piravom, Muvattupuzha) |
| *Suvisesha Sangam* | : | Rev. Fr. Kuriakose Kudilil |
| Eparchial Commission for Theology & Publications | | |
| Director | : | Rt. Rev. Corepiscopo John Varghese Easwarankudiyil |
| Eparchial Commission for Clergy | | |
| Director | : | Rev. Fr. Joachim Pandaramkudiyil |
| Eparchial Commission for Religious | | |
| Director | : | Rev. Fr. Christudas OIC |
| Eparchial Commission for Youth | | |
| Director | : | Rev. Fr. Kuriakose Karuthedath |
| Eparchial Commission for Laity | | |
| Director | : | V. Rev. Msgr. Cherian Chennikkara |
| Eparchial Commission for Family | | |
| Director | : | Rev. Fr. George Maramkandom |
| Eparchial Commission for Catechism | | |
| Director | : | Rev. Fr. Thomas Vettikattil |
| Eparchial Commission for Vocation | | |
| Director | : | Rev. Fr. Jose Kuttikeril (Southern Region: Piravom, Muvattupuzha) |
| Eparchial Commission for Ecumenism & Dialogue | | |
| Director | : | Rev. Fr. George Kayyanickal |
| Eparchial Commission for Seminary Formation | | |
| Director | : | V. Rev. Fr. Kuriaksoe Nellattu |
| Eparchial Commission for Education | | |
| Director | : | Rev. Fr. Varghese Pandaramkudiyil |

Eparchial Commission for Social Apostolate & Dalit

| | | |
|---|---|---|
| Director | : | Rev. Fr. Thomas Pullukalayil |

Eparchial Commission for Communication & Media

| | | |
|---|---|---|
| Director | : | Rev. Fr. George Maramkandom |

Eparchial Commission for Health

| | | |
|---|---|---|
| Director | : | V. Rev. Fr. Michael Vadakkeveetil |
| Labour Movement | : | V. Rev. Fr. Thomas Njarakkattu |
| Women Commission | : | Mrs. Rani N Joseph, Veliyanad |
| Peace and Justice | : | Rev. Fr. Thomas Pullukalayil |
| Vigilance & Legal Affairs | : | Rev. Fr. Abraham Pulickal |
| Teachers Guild | : | Rev. Fr. Paulose Kizhakkinedath |

**CHAPLAINS**

| | | |
|---|---|---|
| 1. Bethany Provincial House, Keezhillam | : | Pullukalayil Rev. Fr. Thomas |
| 2. DSS Convent, Jellipara | : | Edayalikudiyil Rev. Fr. John Varghese |
| 3. Bethany Convent, Karimba | : | Kochery V. Rev. Fr. Isaac |
| 4. DM Convent, Kinnathukadav | : | Kuttiyil Rev. Fr. Joshua OIC |
| 5. DM Convent, Olavakode | : | Muttuthan Rev. Fr. Mathew |
| 6. Bethany Convent, Kattilapoovam | : | Pandaramkudiyil Rev. Fr. Joachim |
| 7. Bethany Convents, Kunnamkulam. | : | Puthenpurackal Rev. Fr. Robins |
| 8. Holy Spirit Convent, Kothamangalam | : | Mankulam Rev. Fr. George |
| 9. Bethany Convent, Kunnakurudy | : | Muthalapra Rev. Dr. Thomas |
| 10. Bethany Convent, Kolencherry | : | Maramkandom Rev. Fr. George |
| 11. Bethany Shalom Bhavan, Pothanikkad | : | Kalarikalayil Rev. Fr. Mathew |
| 12. Bethany Convent, Avai Nagar | : | Thazathel Rev. Fr. Joseph |
| 13. Amala Bhavan DM Convent, Aluva | : | Ancheri Rev. Fr. Joseph OIC |
| 14. Bethany Convent, Peechi | : | Mulakukodiyil Rev. Fr. Kuriakose |
| 15. Bethany Convent, Anchelpetty | : | Pandaramkudiyil Rev. Fr. Varghese |
| 16. Bethany Convent, Piravom | : | Attumalil Rev. Fr. Thomas |
| 17. DM Convent, Vetticakal | : | Makkapallil Rev. Fr. John |
| 18. DM Convent, Elanadu | : | Puthoor Rev. Fr. Varghese |

## INSTITUTIONS

| | | |
|---|---|---|
| Darsana Pastoral Centre, Peechi | : | V.Rev. Fr. Kuriakose Mulakukodiyil |
| Samridhy Gram, Vengola & Keezhillam | : | Rev. Fr. Thomas Pullukalayil |
| Pastoral Centre, Kattilapoovam | : | Rev. Fr. Joachim Pandaramkudiyil |
| Divya Darshan Charity Home, Anjoor | : | Rev. Fr. Robins Puthenpurackal |
| Moriah Retreat Centre Kakkanad | : | Rev. Fr. Joseph Kappil |
| Ave Maria Retreat Centre, Elanadu | : | Rev. Fr. Varghese Puthoor |
| Mar Severios Memorial I.T.I., Piravom | : | Rev. Fr. Thomas Attumalil |

## School Local Managers

| | | |
|---|---|---|
| Vimalagiri Public School, Kothamangalam | : | Rev. Fr. George Mankulam |
| Vimalagiri Public School Karuvankadu | : | Rev. Fr. Johny Cherikkayathu |
| St. Mary's Public School, Kombazha | : | Rev. Fr. Wilson Velickakath |
| Vimalagiri International School, Muvattupuzha | : | Rev. Fr. John Mankulam |
| St. Joseph's & St. Cyril's HS School, Mangad | : | Rev. Fr. Robins Puthenpurackal |
| St. Joseph's H. S., Piravom | : | Rev. Fr. Thomas Attumalil |
| St. Paul's Higher Secondary School, Veliyanad | : | Rev. Fr. Augustine Thadavilayil |
| St. Philomina's H.S., Thiruvaniyoor | : | Rev. Fr. John Makkapallil |
| St. John's High School, Elanadu | : | Rev. Fr. Varghese Puthoor |
| M. G. M. L. P School, North Mazhavanoor | : | Rev. Dr. Thomas Muthalapra |
| St. Joseph's L P School, Udumbanoor | : | Rev. Fr. Jose Kuttikeril |

## COLLEGE OF EPARCHIAL CONSULTORS

| | | |
|---|---|---|
| President | : | Most Rev. Dr. Yoohanon Mar Theodosius |
| Members | : | Msgr. Cherian Chennikkara |
| | : | Very Rev. Dr. Thomas Muthalapra (Secretary) |
| | : | Very Rev. Fr. George Kochupurackal |
| | : | Very Rev. Fr. Bose Nellattu |
| | : | Very Rev. Fr. Thomas Njarakkattu |
| | : | Rt. Rev. John Varghese Easwarankudiyil Corepiscopo |

## EPARCHIAL FINANCE COUNCIL

| | | |
|---|---|---|
| President | : | Most Rev. Dr. Yoohanon Mar Theodosius |

| | | |
|---|---|---|
| Members | : | Msgr. Cherian Chennikkara |
| | : | Very Rev. Fr. George Kochupurackal (Secretary) |
| | : | Mr. Chacko T. Varghese |
| | : | Mr. Philip Kuriakose |
| | : | Mr. Jacob Njarakkatt |
| | : | Mr. P J Thomaskutty |

**EPARCHIAL PRESBYTERAL COUNCIL**

| | | |
|---|---|---|
| President | : | Most Rev. Dr. Yoohanon Mar Theodosius |
| Ex-Officio Members | : | Msgr. Cherian Chennikkara (Proto Syncellus) |
| | : | Very Rev. Dr. Thomas Muthalapra (Chancellor) |
| | : | Very Rev. Fr. George Kochupurackal (Finance Officer) |
| | : | Very Rev. Fr. Bose Nellattu (Rector, Minor Seminary) |
| Elected Members | : | Very Rev. Fr. Thomas Njarakkattu (Secretary) |
| | : | Very Rev. Fr. Isaac Kochery |
| | : | Rev. Fr. Varghese Pandaramkudiyil |
| | : | Rev. Fr. Varghese Panthiraithadathil |
| | : | Rev. Fr. Paul Karamel Koickal |
| Religious | : | Rev. Fr. Christudas OIC |
| Nominated Member | : | Rt. Rev. John Varghese Easwarankudiyil Corepiscopo |

**EPARCHIAL PASTORAL COUNCIL**

**President**

1. Most. Rev. Dr. Yoohanon Mar Theodosius

**Ex-Officio Members**

2. Very Rev. Msgr. Cherian Chennikkara (Vicar General)
3. Very Rev. Fr. George Kochupurackal (Procurator)
4. Very Rev. Dr. Thomas Muthalapra (Chancellor)
5. Rt. Rev. Mathai Eramangalath Corepiscopo
6. Rt. Rev. George Vadakken Corepiscopo
7. Rt. Rev. John Varghese Easwarankudiyil Corepiscopo

**Proto-Presbyters**

8. Very Rev. Fr.Thomas Njarakatt (Piravom)
9. Very Rev. Fr. Kuriakose Nellattu (Muvattupuzha)
10. Very Rev. Fr. Isaac Kochery (Karimba)
11. Very Rev. Fr. Michael Vadakkeveetil (Kunnumkulam)
12. Very Rev. Fr. Kuriakose Mulakukodiyil (Peechi)

**Department or Apostolate Directors**

13. Rev. Fr. Thomas Vettikattil (Catechism, MCCL)
14. Rev.Fr. Kuriakose Karuthedath (MCYM)
15. V. Rev. Msgr. Cherian Chennikkara (MCA)
16. Rev. Fr. John Makkapallil (Mathruvedi)
17. Rev.Fr. Kuriakose Kudilil (Suvisesha Sangam)
18. Rev. Fr. George Maramkandom (Family Apostolate)
19. Rev. Fr. Augustine Thadavilayil (Bible Apostolate)
20. Rev. Fr. Jose Kuttikeril (Vocation Promoter)
21. Rev. Fr. Paul Karamel Koickal (Liturgical Commission)
22. Very Rev. Fr. Isaac Kochery (Evangelization Commission)
23. Rev. Fr. Mathew Kalarikalayil (Evangelization Commission)
24. Rev. Fr. George Kayyanickal (Ecumenism)
25. Rev.Fr. Michael Vadakeveetil (Vincent De Paul)
26. Rev.Fr. Thomas Pullukalayil (Samirdhy)
27. Rev. Fr. Varghese Pandaramkudiyil (Corporate Manager)

**Presbyteral Council Representative**

28. Rev. Fr. Varghese Panthiraithadathil

**Representatives of Religious Communities**

29. Very Rev. Dr. Jose Mariadas OIC
30. Rev. Mother Gladis SIC
31. Rev. Sr. Navya DM
32. Rev. Sr. Mary Joe OSS
33. Rev. Sr. Lucy DSS
34. Rev. Sr. Elizabeth FDSHJ

***Bar Itho Briro - Bart Itho Brirtho***

35. Mr. K. J. Peter
36. Rtd. Judge. Elizebath Mathai Idiculla

**Presidents of Associations**

37. Mr. Bichu Kurian (MCYM)
38. Mr. VC Georgekutty (MCA)
39. Mrs. Ranni N Joseph (Mathruvedi)
40. Mr. Varghese, Kunnumkulam (Vincent De Paul)
41. Mr. Subash Mathew M.J (Teachers Guild)

**Elected Members**

**Muvattupuzha Ecclesiastical District**

42. Mr. Philip Kadavil, Poothrikka
43. Dr. Jaimon Yohannan, Pampacuda
44. Mr. Jibi M Paul, Vengola
45. Mrs. Mercy George, Eswarankudiyil, Kunnukurdy

**Piravom Ecclesiastical District**

46. Mr. Shibu CB, Kalamassery
47. Mr. Daniel Thomas, Piravom
48. Cdr. Thomas Koshy, Ernakulam
49. Mrs. Mary Kurian, Kalamassery

**Peechi Ecclesiastical District**

50. Mr. Saji Thannickal, Peechi
51. Mr. Sunny Manalel, Kombaza
52. Mr. Sunny Manimalakunnel, Chuvannamannu
53. Mrs. Mini Thengunilkkunnathil, Mannamangalam

**Kunnumkulam Ecclesiastical District**

54. Mr. Pearlvy A George, Anjoor
55. Mr. KP Sebastian, Kocheril, Chelakkara
56. Mr. Subash VM, Vettikattil, Kattilapoovam
57. Mrs. Manju Sajeev, Thadathil, Kattilapoovam

## Karimba Ecclesiastical District

58. Mr. Jacob Eramangalath, Mannarkadu
59. Mr. Thomas Francis, Parayidathil Villa, Kongadu
60. Mr. Raju Kattumattom, Kanjikulam
61. Mrs. Ancy Kunjumon, Karimba

## Nominated Members

62. Rev. Fr. Joshua Kuttiyil OIC
63. Mr. Denny Varghese, Coimbatore
64. Dr. Rex Thomas
65. Mr. Chacko T Varghese
66. Mrs. Christeena Edizon
67. Mr. Jacob Njarakkattu
68. Mr. Philip Kadamala
69. Mr. Regi Vattathakidiyil

# മൈനർ സെമിനാരി വാർത്തകൾ

### സ്വീകരണം നൽകി

ഗുരുസന്നിധി മൈനർ സെമിനാരിയുടെ പുതിയ റെക്ടറായി ചുമതല യേറ്റ പെരിയ ബഹു. കുര്യാക്കോസ് നെല്ലാട്ട് അച്ചന് 2019 ആഗസ്റ്റ് 16–ാം തീയതി സെമിനാരിയിൽ സ്വീകരണം നൽകി.

### ഉദ്ഘാടനം ചെയ്തു

കീഴില്ലത്തുനിന്നും മൂവാറ്റുപുഴ മെത്രാസന മന്ദിരത്തിലേക്ക് മാറ്റിയ മൈനർ സെമിനാരിയുടെ പ്രവർത്തനോദ്ഘാടനം ആഗസ്റ്റ് 23–ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 8 മണിക്ക് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോ ഷ്യസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

### ഓണാഘോഷം നടത്തി

മൈനർ സെമിനാരിയുടെ ആഭിമുഖ്യത്തിൽ 2019 സെപ്റ്റംബർ 2–ാം തീയതി തിങ്കളാഴ്ച്ച മൂവാറ്റുപുഴ അരമനയിൽ ഓണ സദ്യ നടത്തി. അഭി വന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായും മൈനർ സെമിനാരി റെക്ടർ പെരിയ ബഹു. കുര്യാക്കോസ് നെല്ലാട്ട് അച്ചനും ആശം സകൾ നേർന്ന് സംസാരിച്ചു.

# ബൈബിൾ അപ്പസ്തോലേറ്റ് വാർത്തകൾ

**ലോഗോസ് ക്വിസ് 2019**

ലോഗോസ് ക്വിസ് 2019 പരീക്ഷ വിവിധ ഇടവകകളിൽ വച്ച് 2019 സെപ്റ്റംബർ 29 ഞായറാഴ്ച്ച ഉച്ചയ്ക്ക് 2-ന് നടത്തി. 2020 സെപ്റ്റംബർ 27 -ന് നടക്കുന്ന ലോഗോസ് ക്വിസിന്റെ പാഠഭാഗം നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, മർക്കോസ് 1-8, 1 കോറി. 1-8 എന്നിവയാണ്.

# മതബോധന വാർത്തകൾ

**രൂപതാ ബൈബിൾ കലോത്സവം**

2019-20 അദ്ധ്യയന വർഷത്തെ രൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 12-ാം തിയതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടും.

**രൂപതാതല രചനാമത്സരങ്ങൾ**

രൂപതാതല രചനാമത്സരങ്ങൾ സെപ്തംബർ 7-ാം തീയതി ഡയറിയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തപ്പെട്ടു.

**പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗ്**

സണ്ടേസ്കൂൾ പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗ് മേഖലാതലത്തിൽ ഒക്ടോബർ 12ന് മുമ്പായി നടത്തപ്പെടുന്നതാണ്.

**പുതിയ നിയമനങ്ങൾ**

സണ്ടേസ്കൂളിന്റെ രൂപതാ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി സണ്ടേസ്കൂൾ സെക്രട്ടറിയായി ബഹു. സിസ്റ്റർ മരിയ റാണി SICയെയും രൂപതാ സണ്ടേസ്കൂൾ കോർഡിനേറ്ററായി ശ്രീ. കെ.ഡി അപ്പച്ചനെയും നിയമിച്ചു. സണ്ടേസ്കൂൾ പാഠപുസ്തകങ്ങളുടെയും ഡയറിയുടെയും അനുബന്ധ പുസ്തകങ്ങളുടെയും വിതരണ ചുമതല ബഹു. സിസ്റ്റർ ഈവാനിയ SICയെയും ഏൽപ്പിച്ചു.

# സുവിശേഷ സംഘം

**പുതിയ ബാച്ചിന്റെ പരിശീലനം**

സുവിശേഷ സംഘത്തിലെ പുതിയ ബാച്ചിലേക്കുള്ള പരിശീലനം പിറവം, മൂവാറ്റുപുഴ മേഖലയിലുള്ള പള്ളികൾക്കായി വെങ്ങോല സമൃദ്ധി ഗ്രാമിലും, കുന്നംകുളം, പീച്ചി, കരിമ്പ മേഖലയിലുള്ളവർക്കായി പീച്ചി ദർശന പാസ്റ്ററൽ സെന്ററിലും ക്ലാസ്സുകൾ ആരംഭിച്ചു. ഏകദേശം 98 ആളുകൾ പുതിയ ബാച്ചുകളിൽ പരിശീലനം നേടികൊണ്ടിരിക്കുന്നു.

### തുടർ പരിശീലന ക്ലാസ്

ആഗസ്റ്റ് മാസം 28–ാം തീയതി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് സഭാതലത്തിലും രൂപതാതലത്തിലും കൈവയ്പ്പ് സ്വീകരിച്ചവർക്കായി ക്ലാസ് ക്രമീകരിച്ചു. അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ക്ലാസുകൾ നയിച്ചു.

### ലെക്സിയോ ദിവീനോ ധ്യാന പരിശീലനം

ലെക്സിയോ ദിവീനോ–വിശുദ്ധ ജീവിതത്തിന്റെ വിശുദ്ധ വായന എന്ന ധ്യാനരീതിയുടെ പരിശീലനം പിറവം, പെരുവ ഇടവകയിൽ ക്രമീകരിച്ചു. പരിശീലന പരിപാടിക്ക് ബഹു. ആന്റണി കാക്കനാട്ട് അച്ചനും, ആന്റണി കല്ലിങ്കൽ അച്ചനും നേതൃത്വം നൽകി.

## എം.സി.വൈ.എം വാർത്തകൾ

### 41–ാമത് കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ്

ജൂലൈ 26, 27, 28 ദിവസങ്ങളിൽ മാർ ഗ്രീഗോറിയോസ് റിന്യൂവൽ സെന്റർ നാലാഞ്ചിറയിൽ വച്ച് നടന്ന 41–ാമത് കെ.സി.വൈ.എം. സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ ഭദ്രാസന യുവജനങ്ങൾ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

### ദ്വിതീയ ഭദ്രാസന അസംബ്ലി

ജൂലൈ 26, 27 ദിവസങ്ങളിൽ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ നടന്ന മൂവാറ്റുപുഴ ഭദ്രാസന ദ്വിതീയ അസംബ്ലിയിൽ ഭദ്രാസന ഭാരവാഹികൾ പങ്കെടുത്തു.

### ദുരിതാശ്വാസ സഹായ പ്രവർത്തനങ്ങൾ

കാലവർഷക്കെടുതിയിൽ ദുരിതമനുഭവിച്ച ബത്തേരി, മുരിങ്ങൂർ, അട്ടപ്പാടി എന്നിവിടങ്ങളിലേക്ക് ആവശ്യമായ വസ്തുക്കൾ എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ ശേഖരിക്കുകയും എത്തിച്ചു കൊടുക്കുകയും ചെയ്തു.

### യുറേക്ക 2019

പ്രതികൂല സാഹചര്യംമൂലം മാറ്റിവച്ച ഫാ. ഫ്രാൻസിസ് പുതുപറമ്പിൽ മെമ്മോറിയൽ ക്വിസ് മത്സരം 'യുറേക്ക 2019' ഗ്രാന്റ് ഫൈനൽ 2019 ആഗസ്റ്റ് 28–ന് സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വിവിധ മേഖലകളിൽനിന്നായി 5 ടീമുകൾ പങ്കെടുത്തു.

## എം.സി.എ. വാർത്തകൾ

### വി. ജോൺ മരിയ വിയാനി പുരസ്കാരം റവ. ഫാ. കുര്യൻ ആരമ്പിള്ളിക്കുടിക്ക്

MCA മൂവാറ്റുപുഴ രൂപത 2019 വർഷത്തെ വി. ജോൺ മരിയ വിയാനി പുരസ്കാരം ബഹുമാനപ്പെട്ട കുര്യൻ ആരമ്പിള്ളികുടിയലച്ചന് സമർപ്പിച്ചു.

അഞ്ചൽപ്പെട്ടി സെന്റ് മേരീസ് മലങ്കര കത്തോലിക്കപ്പള്ളിയിൽ വച്ച് നടന്ന സമ്മേളനത്തിൽ MCA മൂവാറ്റുപുഴ രൂപത പ്രസിഡന്റ് ശ്രീ. വി.സി. ജോർജ് കുട്ടി പുരസ്കാരം നല്കി ആദരിച്ചു. ആശംസകളർപ്പിച്ചുകൊണ്ട് ശ്രീ. ഷിബു പനച്ചിക്കൽ, ശ്രീ. ബാബു കയ്യാനിക്കൽ, ശ്രീ. ജോർഡി ഓണക്കൂർ എന്നിവർ സംസാരിച്ചു. സംഘാടനത്തിന് സഹകരിച്ച അഞ്ചൽപ്പെട്ടി ഇടവകയോട് MCA മൂവാറ്റുപുഴ രൂപത സമിതിയുടെ കൃതജ്ഞത.

## വൈദിക ദിനാചരണം വി. വിയാനി ഡേ

എം.സി.എ. മൂവാറ്റുപുഴ രൂപതയുടെ ആഭിമുഖ്യത്തിൽ യൂണിറ്റുതലത്തിൽ എല്ലാ വൈദികരെയും ആഗസ്റ്റ് 4 ന് അനുമോദിച്ചു. വിയാനി ദിനത്തിന്റെ പ്രാർത്ഥനകൾ അർപ്പിക്കുകയും ഇടവക വൈദികർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## സഭാതല അർദ്ധവാർഷിക അസംബ്ലി

തിരുവനന്തപുരത്ത് വച്ച് നടന്ന എം.സി.എ. സഭാതല അസംബ്ലിയിൽ രൂപതാ ഭാരവാഹികൾ പങ്കെടുക്കുകയും അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## അഭിഭാഷക സംഗമം

മലങ്കര കാത്തലിക് അസോസിയേഷൻ സഭാതല സമിതി സംഘടിപ്പിച്ച അഭിഭാഷക സംഗമം ജൂലൈ മാസം 23-ാം തിയതി പി.ഒ.സി യിൽ വച്ച് നടത്തപ്പെട്ടു. അഭിഭാഷകർ പാർശവത്കരിക്കപ്പെട്ട സമൂഹത്തിന്റെ പക്ഷം ചേരുകയും അസംഘടിത മേഖലകളിലെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും വേണമെന്ന് മേജർ ആർച്ചുബിഷപ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവ അഭിപ്രായപ്പെട്ടു. അഭിഭാഷക സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സഭയിലെ വിവിധ രൂപതകളിൽ നിന്നായി നൂറോളം അഭിഭാഷകർ പങ്കെടുത്തു. എം.സി.എ. സഭാതല പ്രസിഡന്റ് വി.പി. മത്തായി അദ്ധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ രൂപതാധ്യക്ഷനും കൂരിയ മെത്രാപ്പോലീത്തയുമായ ബിഷപ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് അനുഗ്രഹപ്രഭാഷണം നടത്തി. രൂപത വികാരി ജനറാൾ മോൺ. ചെറിയാൻ ചെന്നിക്കര, പിഒസി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, വൈദികോപദേഷ്ടാവ് റവ. ഫാ. ജോൺ അരീക്കൽ, മുൻ സഭാതല പ്രസിഡന്റ് ഫിലിപ്പ് കടവിൽ, ജനറൽ സെക്രട്ടറി ചെറിയാൻ ചെന്നീർക്കര, മൂവാറ്റുപുഴ രൂപത പ്രസിഡന്റ് വി. സി. ജോർജുകുട്ടി, ജനറൽ സെക്രട്ടറി ഷിബു പനച്ചിക്കൽ, ബാബു അമ്പലത്തുംകാല, എൻ.ടി ജേക്കബ് എന്നിവർ പ്രസംഗിച്ചു. സുപ്രീംകോടതി അഡ്വക്കേറ്റ് ഫാ. പി.ഡി. മാത്യു, അഡ്വ. എബ്രാഹം പറ്റിയാനി എന്നിവർ ക്ലാസുകൾക്കും ചർച്ചാസമ്മേളനത്തിനും നേതൃത്വം നല്കി. വിവിധ രൂപതകളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ലീഗൽ ഫോറം രൂപീകരിച്ചു.

# വിദ്യാഭ്യാസ വാർത്തകൾ

## സ്മാർട്ട് ക്ലാസ് റൂമുകളുമായി വിമലഗിരി ഇന്റർനാഷണൽ സ്കൂൾ

വാഴപ്പിള്ളി വിമലഗിരി ഇന്റർനാഷണൽ സ്കൂൾ വിവരസാങ്കേതിക വിദ്യയിലെ നൂതന അദ്ധ്യാപനരീതിയായ സ്മാർട്ട് ക്ലാസ്റൂമുകളുമായി പഠനമികവിലേക്ക്. 97 ലക്ഷം രൂപയോളം മുതൽ മുടക്കി പ്ലേ ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ ക്ലാസ് മുറികളിലും സ്മാർട്ട് ബോർഡുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതിന്റെ ഉദ്ഘാടനകർമ്മം ആഗസ്റ്റ് 30 ന് മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ബഹു. സ്കൂൾ മാനേജർ റവ. ഫാ. ജോൺ മാങ്കുളത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്കൂൾ പ്രിൻസിപ്പാൾ ജിസ്സൺ കെ. എബ്രഹാം, പിടിഎ പ്രസിഡന്റ് ഘോഷ് യോഹന്നാൻ തുടങ്ങിയവർ സ്മാർട്ട് ക്ലാസ്സിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. മൂവാറ്റുപുഴ രൂപത വികാരി ജനറാളും മറ്റു വൈദികരും സന്നിഹിതരായിരുന്ന സദസ്സിൽ, വിജ്ഞാനം വിരൽത്തുമ്പിലാക്കുന്ന പുതുതലമുറയിലെ ഈ ദൃശ്യ ശ്രാവ്യ പഠനരീതി കുട്ടികൾക്കും അദ്ധ്യാപകർക്കും മുതൽ കൂട്ടാകുമെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു.

# വിൻസെന്റ് ഡി. പോൾ വാർത്തകൾ

## സഹായധനം വിതരണം ചെയ്തു

കഴിഞ്ഞ പ്രളയകാലത്ത് ദുരന്തത്തിൽ വീടുകളും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ട മൂവാറ്റുപുഴ, അഞ്ചൽപെട്ടി, വെട്ടിക്കൽ, കരിമ്പ, പീച്ചി, എറണാകുളം, കുന്നംകുളം എന്നീ ഏരിയാ കൗൺസിലുകളിലെ ഏഴു കുടുംബങ്ങൾക്ക് 50,000 വീതം സഹായധനമായി നൽകി.

## ആടു വിതരണം നടത്തി

വിദേശ കോൺഫറൻസുകളുടെ സാമ്പത്തിക സഹായത്തോടുകൂടി വളർത്തുമൃഗങ്ങളുടെ വിതരണത്തിന്റെ ഭാഗമായി പാർളിക്കാട് സെന്റ് മേരീസ് കോൺഫറൻസിൽ മൂന്നാംഘട്ട ആടുവിതരണം ഭാരവാഹികളുടെ നേതൃത്വത്തിൽ ആഗസ്റ്റ് 25-നു നടത്തി.

# സമൃദ്ധി വാർത്തകൾ

## സോണൽ ഇവാലുവേഷൻ മീറ്റിംഗും കാരിത്താസ് ന്യൂട്രീഷൻ ക്യാമ്പയിൻ പ്രൊമോഷനും

സമൃദ്ധിയുടെ തൃശ്ശൂർ റീജിയണിന്റെ കീഴിലുള്ള കയറാടി സോണിന്റെ 2018 – 19 വർഷത്തെ വാർഷിക അവലോകനവും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ മേഖലയിലെ കുട്ടികൾക്കുള്ള ആദ

രവും കാരിത്താസ് ഇന്ത്യയുടെ ന്യൂട്രീഷൻ ക്യാമ്പയിനിന്റെ മേഖലയിലെ പ്രചാരവും 2019 ജൂൺ 22–ാം തീയതി കയറാടി മലങ്കര കത്തോലിക്ക പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു. ആദരണീയനായ നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബു ഉദ്ഘാടനം നിർവ്വഹിച്ചു. സമൃദ്ധിയുടെ ഡയറക്ടർ ബഹു. ഫാ. ജോസ് കുറ്റിക്കേരിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ഉദ്ഘാടകനായ നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബു എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ക്യാഷ് അവാർഡ് നൽകി ആദരിക്കുകയും സമൃദ്ധിയുടെ ഇടപെടലുകളെ അഭിനന്ദിക്കുകയും ചെയ്തു. ബഹു. അയലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. സുകുമാരൻ, നെന്മാറ ബ്ലോക്ക് മെമ്പർ ശ്രീ. ടോമി വെണ്ണക്കൽ, വാർഡ് മെമ്പർമാരായ ശ്രീ. ദേവ ദാസ്, ശ്രീമതി ലിജിത എന്നിവർ സംസാരിച്ചു. എസ്.എസ്.എൽ.സി. വിഭാ ഗത്തിൽ 15 കുട്ടികളും പ്ലസ്ടു വിഭാഗത്തിൽ 4 കുട്ടികളും ക്യാഷ് അവാർഡിന് അർഹരായി.

## പരിസ്ഥിതി ദിനാചരണവും എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയികൾക്കുള്ള ആദരവും

സമൃദ്ധിയുടെ തൃശ്ശൂർ റീജിയണിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി സംരംക്ഷണത്തിന്റെ ആവശ്യകത വിളിച്ചോതിക്കൊണ്ട് ജൂൺ 5 ന് ലോക പരിസ്ഥിതിദിനം ആഘോഷിച്ചു. പ്രസ്തുത യോഗത്തിൽ റീജിയണിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 50–ലധികം അംഗങ്ങൾ പങ്കെടുത്തു. കേരള വന ഗവേഷണ കേന്ദ്രം പീച്ചിയിലെ മുതിർന്ന ശാസ്ത്രജ്ഞൻ ബഹുമാന പ്പെട്ട ഡോ. സജീവൻ പരിസ്ഥിതി പ്രശ്നങ്ങളും പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ യിൽ ഉന്നത വിജയം നേടിയ സമൃദ്ധി അയൽക്കൂട്ടങ്ങളിലെ കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുകയും പരിമിതികളെ അതിജീവിച്ച് പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ അക്ഷയ് പുരുഷനെ പ്രത്യേകം ആദരിക്കുകയും ചെയ്തു. തദവസരത്തിൽ തൃശ്ശൂർ റീജിയണിൽ മികവു പുലർത്തിയ അയൽക്കൂട്ടാംഗങ്ങൾക്കും മികച്ച യൂണിറ്റ് SHG എന്നിവയ്ക്കും പുരസ്കാരങ്ങൾ നൽകി. പരിസ്ഥിതി ദിനാചരത്തിൽ പങ്കെടുത്ത എല്ലാ വർക്കും വൃക്ഷത്തൈകൾ വിതരണം ചെയ്തു. ദർശന പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ഐസക്ക് കോച്ചേരി മുഖ്യാതിഥിയായിരുന്നു.

## പരിസ്ഥിതി വാരാചരണവും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും

സമൃദ്ധിയുടെ കരിമ്പ റീജിയണിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംര ക്ഷണ പ്രവർത്തനങ്ങൾക്ക് പ്രചോദനമേകാൻ ഉണ്ടാകും വിധം ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിസ്ഥിതി വാരാചരണം സംഘടിപ്പിച്ചു. 21.5.2019 ന് ആരംഭിച്ച വാരാചരണ പരിപാടികൾ വേറിട്ടതായിരുന്നു. ഉദ്ഘാകൻ ശ്രീ.

തങ്കച്ചൻ എം.എം. (ബഹു. കരിമ്പ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്) സമൃദ്ധി അയൽക്കൂട്ടങ്ങളിലെ ഏറ്റവും മുതിർന്ന അംഗമായ ശ്രീ. ജോണിന് വൃക്ഷത്തൈ നൽകി വാരാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. ജോർജ്ജ് കയ്യാനിക്കൽ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു നടത്തി. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് പരിസ്ഥിതി സൗഹാർദ്ദം ആരോഗ്യ സംരക്ഷണത്തിന് എന്ന വിഷയത്തിൽ ഡോ. രാജൻ റ്റി. ക്ലാസ്സ് നയിച്ചു. ഇതിനോടനുബന്ധിച്ച് റീജിയണിലെ 11 കുട്ടികൾക്ക് വിദ്യാഭ്യാസ കിറ്റുകൾ വിതരണം ചെയ്യുകയും 10 പാവപ്പെട്ട അയൽക്കൂട്ട കുടുംബങ്ങൾക്ക് ആവശ്യ സാധനകിറ്റ് വിതരണം ചെയ്യുകയും ചെയ്തു. വേദിയിൽ സന്നിഹിതരായിരുന്ന എല്ലാ വിശിഷ്ടാതിഥികളേയും വൃക്ഷത്തൈകൾ നൽകി ആദരിച്ച യോഗത്തിന്റെ അവസാനം പങ്കെടുത്ത എല്ലാ സമൃദ്ധി അംഗങ്ങൾക്കും അദ്ധ്യാപകർക്കും മറ്റ് നാട്ടുകാർക്കും വൃക്ഷതൈകൾ നൽകി പരിസ്ഥിതി വാരാചരണ പരിപാടികൾക്ക് ഉത്തേജനമേകി. തദവസരത്തിൽ കാരിത്താസ് ഇന്ത്യ ഈ വർഷം നടപ്പിലാക്കുന്ന 'പോഷകാഹാരം എന്റെ അവകാശം" എന്ന ആപ്തവാക്യത്തിന്റെ പ്രചാരത്തിനായുള്ള നൂതന പരിപാടികളുടെ ഔദ്യോഗിക ആരംഭം കുറിക്കലും നടന്നു.

# ഫിനാൻസ് ഓഫീസ് അറിയിപ്പ്

2019 ജൂലൈ 4, 5 ദിവസങ്ങളിൽ നടന്ന വൈദികസംഗമത്തിലെ തീരുമാനപ്രകാരം ഈ വർഷം മുതൽ അർദ്ധവാർഷിക കണക്ക് രൂപതാ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഈ വരുന്ന ഒക്ടോബർ മാസം ആദ്യ ആഴ്ച്ചയിൽ തന്നെ പൊതുയോഗം കൂടി അർദ്ധവാർഷിക കണക്ക് പാസാക്കി **ഒക്ടോബർ 21 തിങ്കളാഴ്ച്ചയ്ക്കുള്ളിൽ** കണക്കും കണക്ക് പുസ്തകങ്ങളും ബാങ്ക് പാസ്ബുക്കും പ്രൊക്യുറേറ്ററുടെ ഓഫീസിൽ എത്തിക്കുമല്ലോ. 2019–2020 അർദ്ധവാർഷിക തിരട്ടിൽ രൂപതയിൽ അടയ്ക്കേണ്ട വിഹിതങ്ങളുടെ ലിസ്റ്റും തിയതിയും ചുവടെ ചേർക്കുന്നു.

1) സാമൂഹ്യക്ഷേമ ദിനം (ഓശാന ഞായർ) – ഏപ്രിൽ 14
2) ദു:ഖ വെള്ളി കാണിക്ക, പട്ടിണി രോഗ നിവാരണ ഫണ്ട് (കവർ) – ഏപ്രിൽ 19
3) സെമിനാരി ദിനം – ഏപ്രിൽ 28
4) അല്മായ ദിനം – മെയ് 5
5) സണ്ടേസ്കൂൾ ദിനം – ആഗസ്റ്റ് 4
6) സാമൂഹ്യ നീതി ഞായർ – ആഗസ്റ്റ് 18
7) വിവാഹ വരുമാന വിഹിതം
8) ഇടവക വരുമാനത്തിന്റെ 15%

ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ
പ്രൊക്യുറേറ്റർ.

## അറിയിപ്പുകൾ

ബഹു. വൈദികരുടെ വാർഷികധ്യാനം നവംബർ 4–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 7–ന് ആരംഭിച്ച് 8–ാം തീയതി വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നു. സ്ഥലം: ദർശന പാസ്റ്ററൽ സെന്റർ, പീച്ചി.

വികാരി ജനറാൾ

---

മൂവാറ്റുപുഴ ഭദ്രാസനാംഗമായ ബഹു. ഫാ. തോമസ് പറക്കോട്ട് തിരുവല്ലാ അതിഭദ്രാസനത്തിൽ ചേർന്നു. പ്രാർത്ഥനാ നിർഭരമായ മംഗളങ്ങൾ ആശംസിക്കുന്നു.

---

മൂവാറ്റുപുഴ മേഖലയുടെ ഭാഗമായിരുന്ന ആലുവ ഇടവക ആഗസ്റ്റ് 15–ാം തീയതി മുതൽ പിറവം മേഖലയുടെ ഭാഗമായി മാറി.

*ചാൻസിലർ*

# BISHOP'S DIARY

**സെപ്റ്റംബർ**

| | |
|---|---|
| 01 | കുറവിലങ്ങാട് |
| 03 - 14 | റോം |
| 16 | പാസ്റ്ററൽ കൗൺസിൽ, മൂവാറ്റുപുഴ |
| 17 | വല്ലാർപാടം |
| 21 - 27 | റോം |
| 28 - 30 | സ്വിറ്റ്സർലന്റ് |

**ഒക്ടോബർ**

| | |
|---|---|
| 02 | കുണ്ടറ |
| 04 | തിരുവനന്തപുരം |
| 06 - 07 | മുംബൈ |
| 08 - 10 | തിരുവനന്തപുരം |
| 12 | മാർ ഗ്രിഗോറിയോസ് അനുസ്മരണം |
| 13 | ഇടക്കര |
| 15 - 21 | ഓസ്ട്രേലിയ |
| 26 | മണ്ണാർക്കാട് |
| 27 | കളമശ്ശേരി |
| 29 - 31 | തിരുവനന്തപുരം |



MCA യുടെ ആഭിമുഖ്യത്തിൽ POC യിൽ നടന്ന അഭിഭാഷക സംഗമം



മൂവാറ്റുപുഴ വിമലഗിരി ഇന്റർനാഷണൽ സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂം ഉദ്ഘാടനം



'ഡിവൈൻ കമ്മ്യൂണിയൻ': വൈദികസംഗമത്തിൽ വി.കുർബ്ബാനയ്ക്ക് ശേഷം...



*The "Divine Communion" held at Vimalagiri Bishop's House on 4, 5 July 2019*